## കേരള ഗവർണ്ണർ

# ശ്രീ. സിക്കന്ദർ ബക്ത്

2004 ജനുവരി 15-ാം തീയതി

കേരള നിയമസഭയിൽ ചെയ്ത

പ്രസംഗം

ബഹുമാനപ്പെട്ട സ്പീക്കർ, ബഹുമാന്യരായ നിയമസഭാംഗങ്ങളെ,

പതിനൊന്നാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലേക്ക് നിങ്ങളെ ഏവരെയും ഞാൻ സ്വാഗതം ചെയ്യുന്നു.

2. കഴിഞ്ഞ രണ്ട് വർഷത്തിലേറെയായി എന്റെ ഗവൺമെന്റ് പരിഷ്ക്കരണങ്ങളുടെയും പുനർനിർമ്മാണത്തിന്റെയും പ്രവർത്തന പഥത്തിൽ വ്യാപൃതമായിരിക്കുകയാണ്. ഇന്ന് വികസനത്തിന്റെ ഒരു വിശിഷ്ടമായ റിക്കാർഡ് എന്റെ ഗവൺമെന്റിന് കൈമുതലായുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തികരംഗം ഒരു തിരിച്ചുവരവിലാണ്. നമ്മുടെ കാർഷികമേഖല അതിന്റെ മുരടിപ്പിൽ നിന്നും ഉണർന്നെഴുന്നേറ്റിട്ടുണ്ട്. 2002-2003-ൽ ദേശീയ വളർച്ചാനിരക്കായ 4.3 ശതമാനത്തിന് മുകളിൽ സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിൽ അഭിമാനകരമായ 6.1 ശതമാനം വളർച്ചാനിരക്ക് കൈവരിക്കുവാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി കാര്യമായി മെച്ചപ്പെട്ടിട്ടുണ്ട്. എന്റെ ഗവൺമെന്റിന് ചുമലിലേറ്റേണ്ടി വന്ന ബാദ്ധ്യതകളിൽ ഏറെയും തീർക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. വിവര സാങ്കേതിക വിദ്യയിലോ വിനോദസഞ്ചാരത്തിലോ അടിസ്ഥാന സൗകര്യ വികസനത്തിലോ വിദ്യാഭ്യാസത്തിലോ ആരോഗ്യത്തിലോ ഏതിലായിരുന്നാലും, നമ്മുടെ സംസ്ഥാനത്തിന്റെ ഊർജ്ജവും ശക്തിയും സ്വതന്ത്രമാക്കിവിടുന്നതിന് നമ്മൾ അശ്രാന്ത പരിശ്രമം നടത്തിയിട്ടുണ്ട്. സമീപകാല ചരിത്രത്തിലൊന്നും തന്നെ സംസ്ഥാനത്തെ ക്രമസമാധാനനില മെച്ചമായിരുന്നിട്ടില്ല. പരിഹരിച്ചില്ലായിരുന്നുവെങ്കിൽ നമ്മുടെ മതേതര സാമൂഹ്യചട്ടക്കൂടിനെ അപകടത്തിലാക്കി സമുദായ സൗഹാർദ്ദത്തിന് കടുത്ത ഭീഷണിയായി ഉരുണ്ടുകൂടുമായിരുന്ന വേദനാജനകമായ മാറാട് സംഭവത്തിന്റെ അനന്തരഫലമായുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. വരുംവർഷങ്ങളിൽ ഗവൺമെന്റിന്റെ ഭരണ നവീകരണ

പരിപാടിയിലൂടെ ചരിത്രപരമായ പരിവർത്തനത്തിനായി ഗവൺമെന്റ് സംവിധാനങ്ങൾ സജ്ജമാക്കിയിട്ടുണ്ട്.

3. ഗവൺമെന്റിന്റെ ഭാവനാപൂർണ്ണമായ നയങ്ങൾ മൊത്തത്തിലുള്ള സാമ്പത്തിക വളർച്ചയ്ക്കും നിക്ഷേപങ്ങൾക്കും, സാമൂഹിക സൗഹാർദ്ദത്തിനും ഹേതുവാകുന്ന ഒന്നാക്കി സംസ്ഥാനത്തെ മാറ്റുന്നതിൽ നമ്മെ ബഹുദൂരം മുന്നോട്ടുനയിച്ചിട്ടുണ്ട്. നമ്മുടെ നേട്ടങ്ങളുടെ റിക്കോർഡ് അസൂയാവഹമാണ്. ഇത് നമ്മുടെ ചില വിമർശകരെ, വളർച്ചയുടെയും വികസനത്തിന്റെയും യഥാർത്ഥ സംഗതികളെ മറച്ചുവയ്ക്കുന്നതിനായി ഒന്നിച്ചുകൂടുന്നതിന്, പ്രകോപിപ്പിക്കുകപോലുമുണ്ടായിട്ടുണ്ട്. ചെളി വാരിയെറിയുന്നതിനുള്ള ഇത്തരം അർത്ഥശൂന്യവും ബാലിശവുമായ ശ്രമങ്ങളെ കേരളത്തിലെ ജനങ്ങൾ തള്ളിക്കളയും, സംശയമില്ല.

4. പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്ത് അതിന്റെ സന്ദർശനം പൂർത്തിയാക്കിയിട്ടുണ്ട്. നമ്മുടെ നില നന്നായി വ്യക്തമാക്കുന്നതിനും നമ്മുടെ ആസൂത്രിത സംഗതികളുടെ വിശദമായ ന്യായീകരണങ്ങൾ അവതരിപ്പിക്കുന്നതിനും നമുക്ക് കൂട്ടായി സാധിച്ചു. സംസ്ഥാനത്തിന്റെ യഥാർത്ഥ പ്രശ്നങ്ങളെ നാം അവതരിപ്പിച്ച രീതി കമ്മീഷനിൽ മതിപ്പുണ്ടാക്കിയിട്ടുണ്ടെന്നാണ് സൂചനകൾ. കമ്മീഷന്റെ അവാർഡിന് നാം വളരെയധികം പ്രാധാന്യം കൊടുക്കുന്നു.

5. കഴിഞ്ഞ ദശാബ്ദത്തിന്റെ അവസാനത്തോടെ നമ്മെ ഗ്രസിച്ചിരുന്ന സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും നാം ധാരാളം പഠിച്ചുകഴിഞ്ഞു. ഈ ചരിത്രം അതേപടി ആവർത്തിക്കാൻ അനുവദിക്കരുതെന്നാണ് എന്റെ ഗവൺമെന്റിന്റെ തീരുമാനം. നിരുത്തരവാദപരമായ സാമ്പത്തികശീലം കൊണ്ട് ഒരു സംസ്ഥാനത്തിന്റെ വികസനം അപകടത്തിലാക്കുവാൻ ഇനിയൊരിക്കലും അനുവദിച്ചുകൂടാ. ഈ ലക്ഷ്യത്തിലേക്കായി സാമ്പത്തിക പരിഷ്ക്കാരങ്ങൾക്ക് വേണ്ടി ഗവൺമെന്റ് സുചിന്തിതമായ ഒരു തന്ത്രം ആവിഷ്ക്കരിച്ചിട്ടുണ്ട്. ധനസംബന്ധമായ ഉത്തരവാദിത്ത ബില്ലും

ആകസ്മിക ബാദ്ധ്യതകളുടെ പരിധി നിർണ്ണയിക്കലും നിയമമാകുകയുണ്ടായി. സംസ്ഥാനത്ത് സാമ്പത്തിക പരിഷ്ക്കരണങ്ങളുടെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷത്തിന് മുൻപ് 2004-2005-ലേക്കുള്ള സമ്പൂർണ്ണ ബഡ്ജറ്റ് പാസാക്കുന്നതിന് വിഭാവന ചെയ്യുന്ന 'പുതിയ ബഡ്ജറ്റി സൈക്കിൾ' അവതരിപ്പിക്കുന്നതിന് എന്റെ ഗവൺമെന്റ് പൂർണ്ണമായും തയ്യാറായിക്കഴിഞ്ഞു. ഇത് ബഡ്ജറ്റിൽ വിഭാവന ചെയ്യുന്ന പരിപാടികളും പദ്ധതികളും യഥാസമയം നടപ്പാക്കുന്നതിനെ സുഗമമാക്കും. മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റിനുവേണ്ടി ഒരു മിതകാല വീക്ഷണത്തിന്റെ ആവശ്യകത ഗവൺമെന്റ് തിരിച്ചറിഞ്ഞിട്ടുണ്ട്. ഇത് മനസ്സിൽവച്ചുകൊണ്ട് ബഡ്ജറ്റ് എസ്റ്റിമേറ്റുകളോടൊപ്പം അടുത്ത രണ്ട് വർഷത്തേക്കുള്ള ഭാവി ഇടപാടുകളെ സംബന്ധിച്ച വരവുചെലവുകളുടെ എസ്റ്റിമേറ്റുകളും ഗവൺമെന്റ് അവതരിപ്പിക്കുന്നതാണ്.

6. സംസ്ഥാനത്തിന്റെ പത്താം പഞ്ചവത്സര പദ്ധതി നമ്മുടെ വികസന തന്ത്രത്തിന്റെ ബാഹ്യരേഖ നിർവ്വചിക്കുന്നു. അപ്രകാരമുള്ള ഒരു തന്ത്രം ചലനാത്മകവും സമൃദ്ധവുമായ ഒരു കേരളത്തെ സൃഷ്ടിക്കുന്നതിനുള്ള എന്റെ ഗവൺമെന്റിന്റെ പ്രതിജ്ഞാബദ്ധമായ ലക്ഷ്യത്തിൽ നിന്ന് ഉടലെടുത്തതാണ്. വിപുലമായ കൂടിയാലോചനകൾ നടത്തുന്നതിനും സംസ്ഥാനത്തിനുവേണ്ടി ഒരു വീക്ഷണരേഖ തയ്യാറാക്കുന്നതിനുമുള്ള ഉദ്യമം സംസ്ഥാന ആസൂത്രണ ബോർഡിനെ ഏല്പിച്ചുകൊടുത്തിരിക്കുകയാണ്. രണ്ട് പ്രധാന റിപ്പോർട്ടുകൾ, കേരളത്തിനുവേണ്ടിയുള്ള മാനവ വികസന റിപ്പോർട്ടും സംസ്ഥാന വികസന റിപ്പോർട്ടും, ഉടൻ തയ്യാറാകുന്നതാണ്. ഇവ തീർച്ചയായും ആരോഗ്യകരമായ സംവാദം ജനിപ്പിക്കുകയും നമ്മുടെ കാതലായ വികസന വിഷയങ്ങളിൽ ഒരു സമവായത്തിൽ എത്തിച്ചേരുന്നതിന് നമ്മെ സഹായിക്കുകയും ചെയ്യുന്നതാണ്. കാര്യക്ഷമമായ അടിസ്ഥാന വിവര ശേഖരണം യുക്തമായ ആസൂത്രണത്തിനും നിരീക്ഷണത്തിനും ഒരു അവശ്യ ഘടകമാണ്. കേരളത്തിലെ സ്ഥിതിവിവരക്കണക്ക് സംവിധാനം നവീകരിക്കുന്നതിന് ഗവൺമെന്റ് ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുന്നതാണ്.

7. ഭരണ നവീകരണ പരിപാടിയുടെ (എം.ജി.പി.) കീഴിൽ എന്റെ ഗവൺമെന്റ് 100 ഉദ്യമങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇവയ്ക്കുവേണ്ടിയുള്ള വിശദമായ നടപ്പാക്കൽ പദ്ധതികൾ സമവായത്തിലൂടെയും ചിട്ടയായ ആസൂത്രണത്തിലൂടെയും ശ്രദ്ധാപൂർവം രൂപകല്പന ചെയ്തിട്ടുണ്ട്. ഭരണനവീകരണ പരിപാടിയുടെ ഒരു അതിവേഗ പ്രോജക്റ്റായ 'സേവന പ്രദാന പദ്ധതി' കൊണ്ട് തെരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പുറമെ, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, സിവിൽ സപ്ലൈസ്, റവന്യൂ, രജിസ്ട്രേഷൻ, പോലീസ് എന്നീ ഏഴ് വകുപ്പുകളിലെ മൂവായിരത്തിലധികം സ്ഥാപനങ്ങളെയും എല്ലാ കളക്ടറേറ്റുകളെയും സെക്രട്ടേറിയറ്റിനെയും മാതൃകാ സേവന പ്രദാന സ്ഥാപനങ്ങളാക്കി പരിവർത്തനപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു.

8. എന്റെ ഗവൺമെന്റിന് വിവര സാങ്കേതികവിദ്യാരംഗത്ത് സ്തുത്യർഹമായ നേട്ടങ്ങളുടെ ഒരു നിര തന്നെയുണ്ട്. മലപ്പുറത്തെ ഇന്ത്യയിലെ ആദ്യത്തെ നൂറു ശതമാനം ഇ-സാക്ഷര ജില്ലയാക്കിയ അക്ഷയ പദ്ധതി സംസ്ഥാനത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ വ്യാപിപ്പിക്കുന്നതാണ്. കൊച്ചിയിലെ ഇൻഫോ പാർക്ക്, സോഫ്റ്റ്വെയറും 'ഐ. റ്റി. എനേബിൾഡ് സർവീസുകളും' (ഐ. റ്റി. ഇ. എസ്.) വ്യവസായത്തിന് ഏറ്റവും മികച്ച സൗകര്യമായി ഉദ്ദേശിച്ചിട്ടുള്ളതും അതിന്റെ പ്രഥമ ഘട്ടം ഈ വർഷം ജൂണോടുകൂടി പൂർത്തിയാകുന്നതുമാണ്. എന്റെ ഗവൺമെന്റ് പ്രധാനപ്പെട്ട രണ്ട് അടിസ്ഥാന സൗകര്യ ഉദ്യമങ്ങൾ സമാരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് ഒരു 'ഐ. റ്റി. കോറിഡോറും' അതിന്റെ ഭൂമി ഏറ്റെടുക്കൽ ആരംഭിച്ചുകഴിഞ്ഞു. കൊച്ചിയിൽ 100 ഏക്കർ ഭൂമി ഏറ്റെടുത്തുകൊണ്ട് ഇൻഫോ പാർക്കിന്റെ വിപുലീകരണവും. പൗരന്മാർക്ക് ടെലിഫോൺ മുഖേന വിവരം ലഭ്യമാക്കുന്നതിന് ഗവൺമെന്റിൽ 'കാൾ സെന്റർ' സൗകര്യങ്ങൾ ഏർപ്പെടുത്താൻ വിവരസാങ്കേതികവിദ്യ വകുപ്പ് ഉദ്ദേശിക്കുന്നു. ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് സംസ്ഥാനത്ത് ഒരറ്റം മുതൽ മറ്റേ അറ്റം വരെയുള്ള പ്രധാന വിദ്യാഭ്യാസ സ്ഥാപനങ്ങളെയും റിസോഴ്സ് സെന്ററുകളെയും ബന്ധിപ്പിച്ച് ശൃംഖലയാക്കുന്നതിനുള്ള പദ്ധതിയുടെ പ്രഥമഘട്ടം പൂർത്തീകരണത്തോടടുത്തുകൊണ്ടിരിക്കുന്നു.

9. കഴിഞ്ഞ കുറച്ച് വർഷങ്ങളായി വിനോദസഞ്ചാര മേഖല കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ശക്തി പകരുന്ന ഒരു സുപ്രധാന പ്രവർത്തനയന്ത്രമായി തീർന്നിട്ടുണ്ട്. വിനോദസഞ്ചാരികളുടെ വരവിൽ എക്കാലത്തെയും ഉയർന്ന വളർച്ചാനിരക്കായ മുപ്പതുശതമാനത്തോടടുത്ത് രേഖപ്പെടുത്തിക്കൊണ്ട് കേരളം രാജ്യത്തെ ഏറ്റവുമധികം ആകർഷിക്കപ്പെടുന്ന വിനോദസഞ്ചാര ലക്ഷ്യസ്ഥാനമായി മാറിയിട്ടുണ്ട്. സംസ്ഥാനത്തിന് ദേശീയ അന്തർദ്ദേശീയ വിനോദസഞ്ചാര അവാർഡുകൾ ധാരാളമായി ലഭിച്ചിട്ടുണ്ട്.

10. എന്റെ ഗവൺമെന്റ് ദേശീയ അന്തർദ്ദേശീയ വിനോദസഞ്ചാര വിപണിയിൽ നമ്മുടെ സ്ഥാനം നിലനിർത്തുന്നതിനുള്ള നടപടികളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്. അടുത്ത വർഷത്തേക്ക് ഈ മേഖലയിൽ മതിപ്പ് ഉളവാക്കുന്ന തലത്തിലുള്ള പ്രവർത്തനങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. ഇവയിൽ ഒരു പുതിയ വിനോദസഞ്ചാര ലക്ഷ്യസ്ഥാനമായി വാഗമണിന്റെ വികസനം, തിരുവനന്തപുരത്തെ കിഴക്കേക്കോട്ട പ്രദേശത്തുകൂടിയുള്ള 'ഹെറിറ്റേജ് വോക്ക്', കുമ്പളങ്ങിയെ സംസ്ഥാനത്തെ ഒരു പ്രധാന ഗ്രാമീണ വിനോദ സഞ്ചാര ലക്ഷ്യസ്ഥാനമാക്കി വികസിപ്പിക്കൽ, സ്വകാര്യ വ്യവസായ സംരംഭകർ മുഖേന വഴിയോര സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായുള്ള 'വഴിയോരം' പ്രോജക്റ്റ്, ആലപ്പുഴയിലെ കനാലുകളുടെ വികസനം എന്നിവ ഉൾപ്പെടുന്നു. ടൂറിസ്റ്റ് റിസോർട്ട്സ് കേരള ലിമിറ്റഡ് വിനോദസഞ്ചാരത്തിൽ കൂട്ടായ പരിശ്രമങ്ങൾ കൂടുതലായി ഏറ്റെടുക്കുന്നതാണ്.

11. കൊച്ചിയിൽ 2003 ജനുവരിയിൽ നടന്ന ആഗോള നിക്ഷേപക സംഗമത്തിലെ നിർദ്ദേശങ്ങളിൽ പൊതുമേഖലയിൽ 2600 കോടി രൂപയുടെയും സ്വകാര്യമേഖലയിൽ 1500 കോടി രൂപയുടെയും പദ്ധതികൾ സമാരംഭിച്ചിട്ടുണ്ട്. കൂടുതലായി, കേന്ദ്ര പൊതുമേഖലയിൽ 8300 കോടിയുടെ പദ്ധതികൾ ഏകദേശം തയ്യാറായിട്ടുണ്ട്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു നിക്ഷേപ പ്രോത്സാഹനബോർഡ് പുരോഗതി ചിട്ടയായി

നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. വ്യവസായികൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാനും കൂടുതൽ വാണിജ്യ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും വേണ്ടി 2004 ഫെബ്രുവരിയിൽ വ്യവസായ വകുപ്പ് സമാന സംഗതിയായ "ബിസിനസ് റ്റു ബിസിനസ് മീറ്റ് കേരള-2004" ന് ആതിഥേയത്വം വഹിക്കാൻ ഉദ്ദേശിക്കുന്നു.

12. എന്റെ ഗവൺമെന്റ് പ്രത്യേക സാമ്പത്തിക മേഖലാ നയം പ്രഖ്യാപിച്ചിട്ടുണ്ട്. കൊച്ചി തുറമുഖം ആസ്ഥാനമാക്കിയുള്ള പ്രത്യേക സാമ്പത്തിക മേഖലയ്ക്ക് ഇൻഡ്യാ ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ട്. ഗവൺമെന്റ് ഭക്ഷ്യസംസ്കരണ മേഖലയിൽ, ഭക്ഷ്യ സംസ്കരണത്തിനായി സംസ്ഥാനത്തുള്ള അവസരങ്ങൾ ഉയർത്തിക്കാണിച്ചുകൊണ്ട് ഒരു ബ്രാൻഡ് നിശ്ചയിക്കൽ പ്രചാരണ പരിപാടി നടപ്പാക്കുന്നതാണ്. കേരള വ്യാവസായിക അടിസ്ഥാനസൗകര്യ വികസന കോർപ്പറേഷൻ (കിൻഫ്ര) നോഡൽ ഏജൻസി ആയിരിക്കുന്നതാണ്.

13. ഗവൺമെന്റ് സംസ്ഥാനത്തിന്റെ ജൈവസാങ്കേതിക വിദ്യാനയം പ്രഖ്യാപിച്ചിട്ടുണ്ട്. മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ബയോടെക്നോളജി ബോർഡ്, ബയോടെക്നോളജി കമ്മീഷൻ, ബയോഡൈവേഴ്സിറ്റി ബോർഡ് എന്നിവ ഈ മേഖലയിലെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതാണ്.

14. അടിസ്ഥാന സൗകര്യവും സാമൂഹികവും മേഖലകളിലുള്ള പദ്ധതികളുടെ പ്രോൽസാഹനത്തിനായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ഒരു പുതിയ പങ്ക് വഹിക്കുന്നതാണ്. ഇൻഡ്യയുടെ ബഹുമാനപ്പെട്ട രാഷ്ട്രപതി കാക്കഞ്ചേരിയിലുള്ള 'കിൻഫ്ര ഭക്ഷ്യ സംസ്കരണ പാർക്ക്' രാഷ്ട്രത്തിന് സമർപ്പിച്ചു. 'കിൻഫ്ര' കൊച്ചിയിൽ ജൈവ സാങ്കേതിക വിദ്യയ്ക്കായി 'ടെക്നോളജി ഇൻക്യുബേഷൻ സെന്ററും' വയനാട്ടിൽ ഔഷധ സസ്യ പാർക്കും സ്ഥാപിക്കുന്നതാണ്. പൊതു മേഖലാ റീസ്ട്രക്ചറിംഗ് പദ്ധതിയുടെ കീഴിലുള്ള 'എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി'യുടെ 23 നിർദ്ദേശങ്ങൾക്ക് അംഗീകാരം

ലഭിച്ചിട്ടുണ്ട്. ഗവൺമെന്റ് വിജയകരമായ എന്റർപ്രിനർഷിപ്പ് വികസന ക്ലബ് പദ്ധതി എല്ലാ സ്കൂളുകളിലും കോളേജുകളിലും വ്യാപിപ്പിക്കുന്നതാണ്.

15. എന്റെ ഗവൺമെന്റ് ഈ വർഷം പരമ്പരാഗത വ്യവസായ സഹായ ഫണ്ടിന്റെ രൂപകല്പന പൂർത്തിയാക്കുന്നതും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി പരമ്പരാഗത മേഖലയിൽ പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതുമാണ്. 'യുനിഡോ' സഹായത്തോടെയുള്ള 'ക്ലസ്റ്റർ വികസന' പദ്ധതിയിൽ പരമ്പരാഗത മേഖലയ്ക്ക് പ്രത്യേകം ഊന്നൽ നൽകുന്നതാണ്. കൂടുതലായി നൽകിയ സാമ്പത്തിക സഹായം കൊണ്ട് പുനരാരംഭിച്ചിട്ടുള്ള കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും കീഴിലുള്ള കശുവണ്ടി ഫാക്ടറികളിൽ ആ മേഖലയിലുള്ള തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകുന്നതാണ്.

16. വിവിധ പദ്ധതികൾ ഉണ്ടായിരുന്നിട്ടുകൂടി കയർ വ്യവസായം ഇപ്പോഴും കൃത്രിമ നാരുകളുടെ ശക്തമായ മത്സരത്തെ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു 'പീഡിത പാരമ്പര്യ വ്യവസായ' മാണെന്ന കാര്യം എന്റെ ഗവൺമെന്റ് അറിയുന്നു. നിർദ്ദിഷ്ട നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് കയർ മേഖലയിലെ ഗവേഷണ വികസന പ്രവർത്തനങ്ങളെ ശക്തമാക്കു കയും കൂടുതൽ മൂല്യവർദ്ധനവും പുതിയ രൂപകല്പനകളും സുഗമമാക്കുകയും ചെയ്യും. വരും വർഷത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളിൽ കയർഫെഡ് വഴി കേരളത്തിനു പുറത്തുനിന്ന് തൊണ്ട്/ചകിരിനാര് സംഭരിക്കുക, മാതൃകാ കയർ ഗ്രാമങ്ങൾ സജ്ജീകരിക്കുക, സ്വയം സഹായ ഗ്രൂപ്പുകൾക്ക് സഹായം നൽകുക, മഹിളാ കയർ യോജന, കയർ സഹകരണ സംഘങ്ങളുടെ കൂട്ടങ്ങൾ സൃഷ്ടിക്കുക, കയർ വ്യവസായത്തിൽ യന്ത്രവൽക്കരണവും നവീകരണവും നടപ്പാക്കുക, സ്വകാര്യമേഖല യുടെ പങ്കാളിത്തത്തോടെ അടിസ്ഥാന സൗകര്യ വികസനം സുഗമമാക്കുക എന്നിവ ഉൾപ്പെടുന്നു.

17. കേരളത്തിലെ സാമ്പത്തിക രംഗത്ത് കാണുന്ന ശുഭാപ്തി വിശ്വാസം വലിയൊരളവോളം സംസ്ഥാനത്തെ കാർഷിക മേഖലയി ലുണ്ടായ പുനരുജ്ജീവനത്താലാണ്—ഈ മേഖലയിൽ ഗവൺമെന്റ് സ്വീകരിച്ച സജീവമായ നയങ്ങളിൽ നിന്നുമുള്ള ഊർജ്ജംകൊണ്ട് ഇപ്പോൾ ഗവൺമെന്റിന്റെ മുമ്പിലുള്ള ഒരു പ്രധാന യത്നം കർഷകരെ അന്തർദ്ദേശീയ മാർക്കറ്റുകളുടെ വെല്ലുവിളി നേരിടുവാൻ സജ്ജരാക്കുക എന്നുള്ളതാണ്. ഗവൺമെന്റിന്റെ ഈ ദിശയിലുള്ള പദ്ധതികളുടെ പ്രധാന ഘടകങ്ങൾ ഏത്തക്കാ, പൈനാപ്പിൾ, പച്ചക്കറികൾ, ഔഷധസസ്യങ്ങൾ, പുഷ്പ സസ്യകൃഷി, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവയ്ക്കായി കാർഷിക കയറ്റുമതി മേഖലകൾ കേരളത്തിൽ സ്ഥാപിക്കുക എന്നതാണ്.

18. ഈ വർഷം നെൽകൃഷിയിൽ ഉല്പാദനം വർദ്ധിച്ചു എന്നത് ഏറെ സംതൃപ്തി നൽകുന്ന ഒരു കാര്യമാണ്. കൃഷി വകുപ്പ് ഇൻഡ്യാ ഗവൺമെന്റുമായി ചേർന്ന് വേര് ചീയൽ രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചു മാറ്റുന്നതിനുള്ള 230 കോടി രൂപയുടെ ഒരു പദ്ധതിക്ക് അംഗീകാരം പ്രതീക്ഷിക്കുകയാണ്. ഗവൺമെന്റിലെ ഒരു നോഡൽ ഏജൻസിയായി പ്രവർത്തിക്കുവാൻ ഒരു ജൈവ കൃഷി കേന്ദ്രം സ്ഥാപിക്കുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നു. 'കിസാൻ-കേരള' പരിപാടി ഏറ്റവും പുതിയ സാങ്കേതിക പുരോഗ തിയെക്കുറിച്ചുള്ള വിവരങ്ങളും വിപണി വിവരങ്ങളും നൽകുവാ നായി ഇന്റർനെറ്റിൽ കൊടുക്കുകയും അത് നമ്മുടെ കർഷകരുടെ പ്രയോജനത്തിനായി സംപ്രേഷണം ചെയ്തുവരുന്നുമുണ്ട്. പഴങ്ങളു ടെയും പച്ചക്കറികളുടെയും കൃഷിയും വിപണനവും പരിപോഷിപ്പിക്കുന്നതിൽ വളരെ വിജയപ്രദമെന്ന് കണ്ട കെ.എച്ച്. ഡി.പി. മോഡൽ കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതാണ്.

19. 63,000 ഹെക്ടർ പ്രദേശത്ത് ഗുണം ലഭിക്കുന്ന വിധത്തിൽ നെൽകൃഷിയുടെ സ്ഥായിയായ വികസനത്തിന് നബാർഡ് സഹായ ത്തിനായുള്ള 334 കോടി രൂപയുടെ പ്രോജക്റ്റുകൾ കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ അവതരിപ്പിക്കുന്നതാണ്. കർഷകരെ സഹായിക്കുന്നതിന് സോയിൽ മാപ്പിംഗ് നടത്തുന്നതിനുവേണ്ടി

'റിമോട്ട് സെൻസിങ് ടെക്നോളജി' ഉപയോഗിക്കുന്നതിൽ ഭൂവിനിയോഗ ബോർഡും കാർഷിക സർവ്വകലാശാലയും കൃഷി വകുപ്പും സഹകരിച്ച് പ്രവർത്തിക്കുന്നതാണ്. വെർച്വൽ യൂണിവേഴ്സിറ്റിക്കായുള്ള നിർദ്ദേശം താമസിയാതെ ഗവൺമെന്റ് അംഗീകരിക്കുന്നതാണ്.

20. മുഖ്യമന്ത്രി അദ്ധ്യക്ഷനായ കാർഷിക വ്യാപാരത്തിനായുള്ള ഒരു ഉന്നതതല സ്റ്റാന്റിംഗ് കമ്മിറ്റി ഡോ. സ്വാമിനാഥൻ റിപ്പോർട്ട് നടപ്പാക്കുന്നതിന്റെ മേൽനോട്ടം വഹിക്കുന്നു. ഭൂമിശാസ്ത്ര സംബന്ധമായ സൂചകത്തിനുകീഴിൽ മലബാർ കുരുമുളകിനും ആലപ്പുഴ പച്ച ഏലത്തിനും കൊച്ചി ഇഞ്ചിക്കും സംരക്ഷണം നേടുക, ഒരു ഔഷധസസ്യ ജൈവ താഴ്വര സ്ഥാപിക്കുക തുടങ്ങിയ കാര്യങ്ങളിൽ വിവിധ ഉല്പന്നബോർഡുകളുമായി വകുപ്പ് ചർച്ചകളിലേർപ്പെട്ടിരിക്കുന്നു.

21. സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്ത് കന്നുകാലി വളർത്തലിന്റെ പ്രാധാന്യം ഊന്നിപ്പറയേണ്ടതില്ല. നാല് മേഖലാ രോഗനിർണ്ണയ ലബോറട്ടറികൾ ശക്തിപ്പെടുത്തുക, കന്നുകാലികളുടെ ചികിത്സയ്ക്കായി വന്ധ്യതാ നിവാരണ ക്ലിനിക്കുകൾ തുറക്കുക, അകിട് വീക്ക രോഗനിയന്ത്രണത്തിനായി ബൃഹത്തായ പരിപാടി, നല്ലയിനം കറവപ്പശുക്കൾക്കായി ഇൻഷ്വറൻസ് പരിരക്ഷ, സുഷുപ്താവസ്ഥയിലുള്ള പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുക, കന്നുകുട്ടി പരിപാലനപദ്ധതി വ്യാപിപ്പിക്കുക തുടങ്ങിയവയാണ് പുതിയ ഉദ്യമങ്ങളിൽ ചിലത്.

22. എന്റെ ഗവൺമെന്റ് ഈ വർഷം ഒരു പുതിയ മത്സ്യബന്ധന നയം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നു. ഗ്രാമതലത്തിലുള്ള മത്സ്യഭവനുകൾ സ്ഥാപിച്ചുകൊണ്ട് മത്സ്യബന്ധന വകുപ്പ് പുനഃസംഘടിപ്പിക്കുന്നതാണ്. മത്സ്യഫെഡിനോട് സംയോജിപ്പിച്ചിട്ടുള്ള മത്സ്യബന്ധന സഹകരണ സംഘങ്ങൾവഴി എൻ. സി. ഡി. സി. യുടെ സഹായത്തോടെ 26 കോടി രൂപ മുടക്കുമുതലിൽ 'പ്രോജക്റ്റ്-മത്സ്യ' എന്ന ഒരു സംയോജിത

മത്സ്യബന്ധന വികസന പദ്ധതി നടപ്പാക്കുന്നതാണ്. നബാർഡ് സഹായത്തോടെ തീരദേശ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതാണ്. നമ്മുടെ മത്സ്യബന്ധന തുറമുഖങ്ങളുടെയും ലാന്റിംഗ് സെന്ററുകളുടെയും മെച്ചപ്പെട്ട നടത്തിപ്പിന് "ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ" രൂപീകരിക്കുന്നതാണ്.

23. കേരളത്തിലെ വനങ്ങൾ നമ്മുടെ ഏറ്റവും വിലപിടിച്ച ധനസമ്പത്തുകളിലൊന്നായിട്ടുള്ളതും അവയുടെ ജൈവ വൈവിദ്ധ്യത്തിലെ സമ്പന്നതകൊണ്ട് ആഗോള പ്രാധാന്യം കൈവരിച്ചിട്ടുള്ളതും ആണ്. എന്റെ ഗവൺമെന്റ് മതികെട്ടാൻ ചോല വനം നാഷണൽ പാർക്കായി പ്രഖ്യാപിച്ചിട്ടുണ്ടെന്നുള്ള കാര്യം പ്രത്യേകം പ്രാധാന്യമർഹിക്കുന്നു. പ്രകൃതിദത്ത വനങ്ങളുടെ മെച്ചപ്പെട്ട മേൽനോട്ടത്തിനും ജൈവവൈവിദ്ധ്യത്തിന്റെ സംരക്ഷണത്തിനും ആയിരിക്കും ഈ മേഖലയിൽ പ്രധാനമായും ഊന്നൽ നൽകുന്നത്. ഈ ലക്ഷ്യത്തിലേക്കായി വനംവകുപ്പ് മറ്റ് സംഗതികളുടെ കൂട്ടത്തിൽ വനസംരക്ഷണസേന നവീകരിക്കുവാനും, കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ തുറക്കുവാനും, വനത്തെ ആശ്രയിച്ച് കഴിയുന്ന വിഭാഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് പാർട്ടിസിപ്പേറ്ററി ഫോറസ്റ്റ് മാനേജ്മെന്റ് വികസിപ്പിക്കാനും, ഗവൺമെന്റിന്റെ കീഴിൽ ചന്ദനത്തൈല നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുവാനും, ചന്ദനക്കാടുകൾ സംരക്ഷിക്കുവാനും, കൂടുതൽ ഇക്കോ-ടൂറിസം പാക്കേജുകൾ സമാരംഭിക്കുവാനും ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്.

24. സംസ്ഥാനത്തെ റോഡുകളുടെ ഗുണനിലവാരത്തിൽ വ്യതിരിക്തമായ പുരോഗതിയുണ്ടായിട്ടുള്ളത് വളരെയധികം സംതൃപ്തി നൽകുന്ന ഒരു കാര്യമാണ്. 2004 മാർച്ച് മാസത്തിൽ കേരള റോഡ് ഫണ്ട് ബോർഡ് ഒൻപത് പ്രധാന നഗര റോഡുകളുടെ പണി ആരംഭിക്കുവാൻ നിശ്ചയിച്ചിരിക്കുകയാണ്. ലോകബാങ്ക് സഹായത്തോടെയുള്ള കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന് കീഴിൽ 330 കിലോമീറ്റർ സംസ്ഥാന പി. ഡബ്ല്യൂ. ഡി. റോഡുകളുടെ അറ്റകുറ്റപ്പണികൾ വിജയപ്രദമായി പൂർത്തീകരിക്കുകയും 330 കിലോമീറ്റർ റോഡിന്റെ പണികൂടി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

എന്റെ ഗവൺമെന്റ് 100 റോഡുകളുടെയും പാലങ്ങളുടെയും പദ്ധതികൾക്ക് നബാർഡിന്റെ സഹായം സ്വീകരിക്കുന്നതാണ്. കേരള റോഡുകളും പാലങ്ങളും വികസന കോർപ്പറേഷൻ സംസ്ഥാനത്ത് 3 റെയിൽവേ മേൽപ്പാലങ്ങൾ പൂർത്തിയാക്കുകയും 20 എണ്ണത്തിന്റെ ജോലി കൂടി പുരോഗമിച്ചുവരുകയും ചെയ്യുന്നു. അടുത്ത വർഷത്തേക്ക് 27 റെയിൽവേ മേൽപ്പാലങ്ങൾക്ക് റെയിൽവേ ബോർഡ് അനുമതി നൽകിയിട്ടുണ്ട്. 550 കിലോമീറ്റർ നീളമുള്ള 'നോർത്ത്-സൗത്ത് ആക്സസ് കൺട്രോൾഡ് ഹൈ സ്പീഡ് മോട്ടോർ വേ'-യെ കുറിച്ചുള്ള പഠനം പൂർത്തിയാവുകയും പദ്ധതിയുടെ സാമ്പത്തിക ഘടന വേഗത്തിൽ തീരുമാനിക്കുകയും ചെയ്യുന്നതാണ്.

25. എല്ലാ വികസന പ്രവർത്തനങ്ങളുടെയും ജീവനാഡി വിദ്യുച്ഛക്തിയാണ്. എന്റെ ഗവൺമെന്റ് ന്യായമായ നിരക്കിൽ വിദ്യുച്ഛക്തി വിതരണം ചെയ്യുവാൻ പ്രതിജ്ഞാബദ്ധമാണ്. വരും വർഷത്തിൽ ആരംഭിക്കുന്ന പദ്ധതികൾ ചെമ്പുകടവ് I-ഉം, II-ഉം, ഉറുമി I-ഉം, II-ഉം മലങ്കര എന്നിവയാണ്. ഗവൺമെന്റ് അടുത്ത വർഷം 285.14 മെഗായൂണിറ്റ് ഗ്രിഡിലേക്ക് കൂട്ടാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്ത് ഒറ്റം മുതൽ മറ്റ അറ്റംവരെയുള്ള ഒരു '400 കെ. വി. പവ്വർ ഹൈവേ'-യ്ക്ക് യൂണിയൻ ഗവൺമെന്റ് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. കേരളത്തിന്റെ രണ്ടാമത്തെ '400 കെ. വി. സബ് സ്റ്റേഷൻ' 2004 മാർച്ചോടെ ആരംഭിക്കുന്നതാണ്. കോഴിക്കോട്ട് മൂന്നാമത്തെ '400 കെ. വി. സബ്സ്റ്റേഷന്റെ' ജോലി പവ്വർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് ഏറ്റെടുത്തിട്ടുണ്ട്.

26. ഫീഡർ, ഉപഭോക്താവ് എന്നി രണ്ടു തലങ്ങളിലും നൂറ് ശതമാനം മീറ്ററിംഗ് കൈവരിച്ച രാജ്യത്തെ ആദ്യത്തെ സംസ്ഥാനം കേരളമാണ്. ത്വരിതപ്പെടുത്തിയ ഊർജ്ജ വികസന നവീകരണ പരിപാടി പദ്ധതിയിൻ കീഴിൽ ധാരാളം പുതിയ പ്രോജക്ടുകൾ ഈ വർഷം ആരംഭിക്കുന്നതാണ്. എന്റെ ഗവൺമെന്റിന് എല്ലാ കുടുംബങ്ങൾക്കും വിദ്യുച്ഛക്തി ലഭ്യമാക്കുക എന്ന അതിന്റെ പ്രതിജ്ഞാബദ്ധത നിറവേറ്റുന്നതിനായി ഓരോ വർഷവും 4 ലക്ഷം സർവ്വീസ് കണക്ഷനുകൾ നൽകുന്ന ഉത്കർഷേച്ഛയോടെയുള്ള

ഒരു ലക്ഷ്യം ഉണ്ട്. സംസ്ഥാനത്തെ മൂന്ന് പ്രധാന നഗരങ്ങൾക്കു വേണ്ടി ഒരു 'മാസ്റ്റർ സിസ്റ്റം ഇംപ്രൂവ്മെന്റ് പ്ലാൻ' തയ്യാറാക്കി വരുന്നുണ്ട്. ഗവൺമെന്റ് 2003-ലെ ഇലക്ട്രിസിറ്റി ആക്റ്റ് നിയമമാക്കിയതോടുകൂടി സംസ്ഥാനത്തെ ഊർജ്ജ മേഖല പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മെച്ചപ്പെട്ട ധനകാര്യ മാനേജുമെന്റിനുവേണ്ടി ഏർപ്പെടുത്തിയ നടപടികളും പ്രസരണ-വിതരണ നഷ്ടം ഓരോ വർഷവും മൂന്ന് ശതമാനം കണ്ട് കുറയ്ക്കുവാൻ എടുത്ത നടപടികളും ബോർഡ് തുടരുന്നതാണ്.

27. 'യുനിഡോ' കേരളത്തിലെ എനർജി മാനേജ്മെന്റ് കേന്ദ്രത്തിൽ ചെറുകിട ജലോർജ്ജത്തിനുവേണ്ടി ഒരു റീജിയണൽ കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. 61 ജലവൈദ്യുത പദ്ധതികൾ തെരഞ്ഞെടുത്തതിൽ 30 എണ്ണം ഇതിനകം ടെൻഡർ ചെയ്തിട്ടുണ്ട്. എന്റെ ഗവൺമെന്റ് 2005 മാർച്ചിനുമുൻപ് അനെർട്ടിന്റെ പ്രധാന പങ്കാളിത്തത്തോടെ കാറ്റിന്റെ ശക്തിയിൽ നിന്ന് നൂറ് മെഗാവാട്ട് വിദ്യുച്ഛക്തി ഉത്പാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

28. എന്റെ ഗവൺമെന്റ് സംസ്ഥാനത്തിന്റെ വികസന സാദ്ധ്യതകൾ തുറക്കുന്നതിനുള്ള ഒരു താക്കോൽ നമ്മുടെ തുറമുഖങ്ങളാണെന്ന് തിരിച്ചറിഞ്ഞിട്ടുള്ളതും സമുദ്രമേഖലയുടെയും തുറമുഖ അടിസ്ഥാനസൗകര്യങ്ങളുടെയും വികസനത്തിനു വേണ്ടിയുള്ള ഒരു നയം രൂപീകരിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതും ആകുന്നു. പ്രശസ്ത കൺസൾട്ടന്റുകൾ മുഖേന നമ്മുടെ ധാരാളം തുറമുഖങ്ങൾക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. വിഴിഞ്ഞം തുറമുഖത്തിന്റെ വികസനത്തിനായി താല്പര്യം അറിയിക്കുന്നതിന് ഇതിനകം ആവശ്യപ്പെട്ടിട്ടുണ്ട്. അഴീയ്ക്കൽ, ബേപ്പൂർ തുറമുഖങ്ങളുടെ വികസനവും, തങ്കശ്ശേരി, മുനമ്പം, കൊയിലാണ്ടി, പൊന്നാനി എന്നീ മത്സ്യബന്ധന തുറമുഖങ്ങളിലെ കാർഗോ സൗകര്യങ്ങളുടെ പൂർത്തീകരണവും സ്വകാര്യമേഖലയുടെ പങ്കാളിത്തത്തോടെ ആലപ്പുഴയിൽ ഒരു 'മറീന' സ്ഥാപിക്കുന്നതും ഉൾപ്പെടെയുള്ള തന്ത്രപ്രധാനമായ പദ്ധതികൾ ത്വരിതപ്പെടുത്തുക എന്നതാണ് ഗവൺമെന്റിന്റെ യത്നം.

29. എന്റെ ഗവൺമെന്റ് 2004 മഴവെള്ള സംഭരണത്തിന്റെ വർഷമായി പ്രഖ്യാപിച്ചിട്ടുണ്ട്. മഴവെള്ള സംഭരണ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി നിയമനിർമ്മാണം നടത്തുന്നതാണ്. മഴവെള്ള സംഭരണ പദ്ധതിയായ 'വർഷ' ജനകീയമാക്കുന്നതാണ്.

30. 2003 ഡിസംബറിൽ പ്രാബല്യത്തിൽ വന്ന കേരള ജലസേചനവും ജലസംരക്ഷണവും ആക്റ്റ് സംസ്ഥാനത്ത് പുതിയ ജല മാനേജ്മെന്റ് സമ്പ്രദായങ്ങൾക്ക് ഒരു നിയമ ചട്ടക്കൂട് നൽകുകയും ഒരു ഡാം സുരക്ഷ അതോറിറ്റിക്ക് വ്യവസ്ഥ ചെയ്യുകയും ചെയ്യുന്നു. മൂവാറ്റുപുഴ താഴ്‌വാര ജലസേചന പദ്ധതിയും ലോകബാങ്ക് സഹായത്തോടെയുള്ള നാഷണൽ ഹൈഡ്രോളജി പ്രോജക്ട് ഒന്നാം ഘട്ടവും ഈ വർഷം പൂർത്തിയാക്കുന്നതാണ്. നബാർഡ് സഹായത്തോടെ 39 കോടി രൂപയുടെ 150 പദ്ധതികൾ ഈ വർഷം ഏറ്റെടുക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. 20 നദികളുടെ തീര സംരക്ഷണത്തിനായുള്ള പദ്ധതികൾ കേന്ദ്ര ജല കമ്മീഷൻ അംഗീകരിച്ചിട്ടുണ്ട്. ഫീഡർ കനാലുകളുടെയും പശ്ചിമതീരകനാലിന്റെയും പ്രധാന ജോലികൾക്കും ജെട്ടികളുടെ നവീകരണത്തിനും കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ 140 കോടി രൂപയുടെ പദ്ധതിക്കുള്ള ഒരു പാക്കേജ് ജലവിഭവ വകുപ്പ് സമാരംഭിക്കുന്നതാണ്. ഉൾനാടൻ ജലഗതാഗത പൈലറ്റ് പ്രോജക്റ്റിന്റെ കീഴിൽ ലോകബാങ്ക് സഹായത്തോടെ 93 കി. മീ. ഫീഡർ കനാലുകൾക്കുള്ള പദ്ധതി നടപ്പാക്കിവരുന്നു. അടുത്ത വർഷം മൂവാറ്റുപുഴ കല്ലട പദ്ധതികളുടെ കമാൻഡ് ഏരിയകളിലുള്ള ജോലികൾ കൂടി കമാൻഡ് ഏരിയ വികസന അതോറിറ്റി ഏറ്റെടുക്കുന്നതും 34000 ഹെക്ടറിൽ ജലസേചന സൗകര്യങ്ങൾ ഉണ്ടാക്കുന്നതും ആണ്. പമ്പാ ആക്ഷൻ പ്ലാൻ അംഗീകരിച്ചിട്ടുള്ളതും ഈ വർഷം തന്നെ ജോലി ആരംഭിക്കുന്നതുമാണ്. ഓരോ വർഷവും ശബരിമല തീർത്ഥാടന കേന്ദ്രം സന്ദർശിക്കുന്ന അനേകലക്ഷം ഭക്തർക്ക് നേരിട്ട് പ്രയോജനപ്പെടുന്നതാണ് ഈ പദ്ധതി.

31. എന്റെ ഗവൺമെന്റ് 15 ലക്ഷം ഗുണഭോക്താക്കൾക്ക് കുടിവെള്ളം വിജയകരമായി എത്തിച്ചുകൊടുക്കുവാൻ കഴിഞ്ഞ, ലോകബാങ്ക് സഹായത്തോടെയുള്ള പദ്ധതിയായ 'ജലനിധി'

150 പഞ്ചായത്തുകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതാണ്. ഈ വർഷം, 5.8 ലക്ഷം ആളുകൾക്ക് ഗുണം ലഭിക്കുന്നതും നടപ്പാക്കിക്കൊണ്ടിരിക്കുന്നതുമായ ജലവിതരണ പദ്ധതികൾ പൂർത്തിയാക്കാമെന്ന് വകുപ്പ് പ്രതീക്ഷിക്കുന്നു. എന്റെ ഗവൺമെന്റ് തിരുവനന്തപുരം, കോഴിക്കോട്, ചേർത്തല, മീനാട്, പട്ടുവം എന്നീ പ്രദേശങ്ങളിലെ 40 ലക്ഷം ആളുകൾക്ക് പ്രയോജനം ലഭിക്കുന്നതിനായി ജപ്പാൻ സഹായത്തോടെയുള്ള (ജെ. ബി. ഐ. സി.) അഞ്ച് ജലവിതരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഒരു അതിവേഗ സംവിധാനം ആരംഭിക്കുന്നതാണ്. 1050 ഗ്രാമീണ ഏക പഞ്ചായത്ത് ജലവിതരണ പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറുന്നതാണ്. ധവളപത്രത്തിലെ ശുപാർശകളുടെ വെളിച്ചത്തിൽ കേരള ജല അതോറിറ്റി പുനഃസംഘടിപ്പിക്കുന്നതാണ്.

32. എന്റെ ഗവൺമെന്റ് നമ്മുടെ ആദിവാസി ജനതയുടെ ഭൂമിയില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിനുള്ള പ്രതിബദ്ധതയോട് നീതി പുലർത്തുന്നതാണ്. ഭൂരഹിത ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി 7693 ഹെക്ടർ നിക്ഷിപ്ത വനഭൂമി ഉപയോഗിക്കുന്നതിന് തത്വത്തിലുള്ള അനുമതി കേന്ദ്രത്തിൽ നിന്ന് നേടിയെടുക്കുവാൻ എന്റെ ഗവൺമെന്റിന് കഴിഞ്ഞുവെന്നുള്ളത് വളരെയേറെ സംതൃപ്തി നൽകുന്ന ഒരു കാര്യമാണ്. രണ്ടാം ഘട്ട അനുമതി താമസിയാതെ കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ആറളം ഫാമിലെ 3500 ഏക്കർ ഉടൻതന്നെ വിതരണത്തിന് ലഭ്യമാകുന്നതാണ്. ഇതുവരെ 2024 കുടുംബങ്ങൾക്ക് 2862.38 ഏക്കർ നൽകിയിട്ടുണ്ട്. ഈ വർഷത്തിനുള്ളിൽ ഈ പ്രക്രിയ പൂർത്തിയാക്കാമെന്ന് ഗവൺമെന്റിന് പൂർണ്ണവിശ്വാസമുണ്ട്.

33. പട്ടികജാതി-പട്ടികവർഗ്ഗങ്ങളുടെ കഴിവ് വളർത്തുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും ഊന്നൽ നൽകുന്നുവെന്നും അവർക്ക് ചുരുങ്ങിയ അടിസ്ഥാന സേവനങ്ങൾ ലഭ്യമാക്കുന്നുവെന്നും ഉറപ്പുവരുത്തുന്നതിനുവേണ്ടി എന്റെ ഗവൺമെന്റ് നിരന്തരം ശ്രമിച്ചിട്ടുണ്ട്. രൂപകല്പന ചെയ്ത പദ്ധതികളുടെ പാക്കേജിൽ വിശപ്പിൽ നിന്നും വിമോചനം പദ്ധതി, എല്ലാവർക്കും പാർപ്പിടം നൽകൽ പദ്ധതി, ഒരു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി,

വിവര സാങ്കേതിക വിദ്യയിലും വ്യവസായത്തിലും ഉന്നതലക്ഷ്യ സംരംഭ പ്രവർത്തനങ്ങളുടെ പ്രോൽസാഹനം, ചെറുകിട സംരംഭങ്ങളിലൂടെ തൊഴിൽ സൃഷ്ടിക്കൽ, ഗോത്ര സംബന്ധമായ സംസ്കാരവും പൈതൃകവും പ്രോത്സാഹിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ഗോത്രസംബന്ധമായ പ്രദർശന ഗ്രാമങ്ങൾ, 'വയനാട് പാക്കേജ്', ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് 'ഗിരിപത്രങ്ങൾ' നൽകൽ എന്നിവ ഉൾപ്പെടുന്നു.

34. 73-ഉം 74-ഉം ഭരണഘടന ഭേദഗതികളെത്തുടർന്ന് ഉത്തരവാദിത്വങ്ങൾ ഏൽക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തിയാൽ മാത്രമേ കേരളത്തിന്റെ യഥാർത്ഥ വികസനം സാദ്ധ്യമാവൂ എന്ന് എന്റെ ഗവൺമെന്റ് വിശ്വസിക്കുന്നു. ഏറെ ഘോഷിക്കപ്പെട്ട കേരള വികസന പദ്ധതിയുടെ നടപ്പാക്കൽ ഗവൺമെന്റ് ശുഷ്കാന്തിയോടെ പിൻതുടരുന്നതാണ്. പുതിയ ധനകാര്യ മാനേജ്മെന്റ് നടപടികളുടെ ഭാഗമായി വർഷം മുഴുവനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ഫണ്ടുകളുടെ സുഗമമായ പ്രവാഹമുണ്ടെന്ന് ഗവൺമെന്റ് ഇപ്പോൾ ഉറപ്പുവരുത്തുന്നുണ്ട്. ഭരണനിർവ്വഹണം മെച്ചപ്പെടുത്തുന്നതിനായി സ്വകാര്യ മേഖലാ പങ്കാളിത്തത്തിലൂടെ 1215 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം ഈ വർഷം പൂർത്തിയാക്കുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെയും ജീവനക്കാരുടെയും പരിശീലനത്തിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ ഉന്നതമായ ഒരു പങ്ക് വഹിക്കുന്നതാണ്.

35. വിഭാവന ചെയ്ത സാമൂഹിക-സാമ്പത്തിക വളർച്ച കേരളം കൈവരിക്കണമെങ്കിൽ നമ്മുടെ നഗര-ഗ്രാമ പ്രദേശങ്ങളിലെ ജീവിത നിലവാരം ഉയർത്തുന്നതിനുവേണ്ടി വളരെ സംഘടിതമായ ശ്രമങ്ങൾ ആവശ്യമാണെന്ന് എന്റെ ഗവൺമെന്റ് തിരിച്ചറിയുന്നു. അതിനാലാണ് ഈ വർഷം 'ക്ലീൻ കേരള' പദ്ധതിക്ക് ഏറ്റവും കൂടിയ മുൻഗണന നൽകാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, സർക്കാരിതര സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ മുഖേന പദ്ധതി ഊർജ്ജസ്വലമായി നടപ്പാക്കുന്നതാണ്.

36. സംസ്ഥാനത്തെ 27 ലക്ഷം കുടുംബങ്ങൾ ഉൾപ്പെടുന്ന കുടുംബശ്രീ, സ്ത്രീ ശാക്തീകരണത്തിലൂടെ ദാരിദ്ര്യനിർമ്മാർജ്ജനത്തിനായി അതിന്റെ പുതിയ ഉദ്യമങ്ങളുടെ ശ്രേണിയുമായി മുന്നേറ്റം തുടരുന്നതാണ്. തിരുവനന്തപുരത്തിന്റെ കഴിഞ്ഞകാല പ്രൗഢി വീണ്ടെടുക്കുന്നതിനായി രൂപകല്പന ചെയ്ത തലസ്ഥാന നഗര പദ്ധതിക്ക് ഈ വർഷം ഊന്നൽ നൽകുന്നതാണ്. സംസ്ഥാനത്ത് ആകെയുള്ള അഞ്ച് സിറ്റി കോർപ്പറേഷനുകളിലുമുള്ള അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ പദ്ധതികൾ ഏഷ്യൻ വികസന ബാങ്കിൽ നിന്നുള്ള 1250 കോടി രൂപയുടെ സഹായത്തിന് വേണ്ടി സജ്ജമാക്കുന്നതാണ്.

37. ഗ്രാമീണ വികസന മണ്ഡലത്തിൽ മെച്ചപ്പെട്ട ഗ്രാമീണ വികസന പ്രദാന സംവിധാനങ്ങളിലും സാമൂഹ്യാടിസ്ഥാനത്തിലുള്ള നീർത്തടവികസന മാതൃകയിൻമേലുള്ള ആസൂത്രണത്തിലുമാണ് ഊന്നൽ നൽകുന്നത്. 'ഹരിയാലി' എന്ന സമഗ്രവും പ്രയോഗക്ഷമവുമായ നീർത്തടവികസന സംരംഭത്തിൻ കീഴിൽ കൂടുതൽ പ്രദേശങ്ങളെ കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. സമ്പൂർണ്ണ ശുചീകരണ പരിപാടിയിൻ കീഴിൽ ഗ്രാമപ്രദേശങ്ങളിൽ ഖരമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് പുതുതായി ശ്രദ്ധ പതിപ്പിക്കുന്നതാണ്. സ്വർണ്ണ ജയന്തി ഗ്രാമീൺ സ്വരോസ്ഗാർ യോജന (എസ്. ജി. എസ്. വൈ.) പ്രത്യേക ഘടക പദ്ധതി കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതാണ്. സമ്പൂർണ്ണ ചെറുഗ്രാമ വികസന പരിപാടിയുടെ വിജയത്തിൻമേൽ അട്ടപ്പാടി മലയോര വികസന ഏജൻസി കെട്ടിപ്പടുക്കുന്നതാണ്. പാവപ്പെട്ടവരിൽ പാവപ്പെട്ടവർക്ക് ആനുകൂല്യം നേരിട്ട് എത്തിക്കുന്നതിലേക്കായി ഒരു 'റിവോൾവിംഗ് ഫണ്ട് ട്രസ്റ്റ്' ഉണ്ടാക്കിയിട്ടുണ്ട്.

38. പാഠ്യപദ്ധതിയുടെ പരിഷ്കരണത്തിലൂടെയും അടിസ്ഥാന സൗകര്യ വികസനത്തിലൂടെയും നിലവാരം മെച്ചപ്പെടുത്തുന്നതിനാണ് വിദ്യാഭ്യാസ മേഖലയിൽ പ്രാധാന്യം നൽകിയിരിക്കുന്നത്. ദേശീയ തലത്തിൽ ശുപാർശ ചെയ്യപ്പെട്ട ഗ്രേഡിംഗ് സമ്പ്രദായം എസ്. എസ്. എൽ. സി. തലത്തിൽ ഏർപ്പെടുത്തുന്നതാണ്. നമ്മുടെ സ്കൂളുകളിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം ഏർപ്പെടുത്തുന്നതിന് ഐ. റ്റി. @സ്കൂൾ പ്രോജക്റ്റ് സഹായിച്ചിട്ടുണ്ട്. അടുത്ത വർഷം വിവര സാങ്കേതികവിദ്യയിലുള്ള പരീക്ഷകൾ എസ്. എസ്. എൽ. സി. തലത്തിൽ ഏർപ്പെടുത്തുന്നതാണ്. സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നബാർഡിന്റെ സഹായം ഉപയോഗപ്പെടുത്തുന്നതാണ്. മാനസിക വൈകല്യമുള്ള കുട്ടികൾക്ക് പരിശീലനം നൽകുന്ന സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നതു സംബന്ധിച്ച വിഷയങ്ങളിൽ ശുപാർശകൾ നിർദ്ദേശിക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കുന്നതാണ്.

39. സംസ്ഥാനത്ത് നൂറ് പുതിയ വൊക്കേഷണൽ ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ (വി. എച്ച്. എസ്. ഇ.) സ്കൂളുകൾ ആരംഭിക്കുന്നതും നിലവിലുള്ള വി. എച്ച്. എസ്. ഇ. സ്കൂളുകളിൽ ഇരുനൂറ് പുതിയ ബാച്ചുകൾ അനുവദിക്കുന്നതുമാണ്. സംസ്ഥാനത്തെ 1268 ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ സ്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായിരിക്കും ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ മേഖലയിൽ ഊന്നൽ നൽകുന്നത്. ഈ വർഷം ഒരു പുതിയ ഗ്രേഡിംഗ് സമ്പ്രദായം രൂപകൽപ്പന ചെയ്യുന്നതും ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ സ്കൂളുകൾക്കു വേണ്ടി ഒരു സ്കൂൾ അഫിലിയേഷനും അക്രഡിറ്റേഷനും സംവിധാനം ഈ വർഷം ഏർപ്പെടുത്തുന്നതുമാണ്. അസാധാരണ പ്രതിഭാശാലികളായ വിദ്യാർത്ഥികൾക്കുവേണ്ടി ഒരു ഹയർ സെക്കൻഡറി സ്കൂൾ ഓഫ് എക്സലൻസ് തുറക്കുന്നതാണ്.

40. സ്വകാര്യ പങ്കാളിത്തത്തിന് ഉന്നത വിദ്യാഭ്യാസ മേഖല തുറന്നുകൊടുക്കുന്ന എന്റെ ഗവൺമെന്റിന്റെ നയം നമ്മുടെ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ലഭ്യമായിട്ടുള്ള അവസരങ്ങൾ വളരെയധികം വർദ്ധിപ്പിച്ചിട്ടുണ്ട്. അതിന്റെ ഫലമായി സംസ്ഥാനത്ത് 45 പുതിയ എൻജിനീയറിംഗ് കോളേജുകൾ,

6 മെഡിക്കൽ കോളേജുകൾ, 6 ഡന്റൽ കോളേജുകൾ, 29 നഴ്സിംഗ് കോളേജുകൾ, 9 ഫാർമസി കോളേജുകൾ, 5 ആയുർവേദ കോളേജുകൾ, ഒരു സിദ്ധ കോളേജ് കൂടാതെ എം. ബി. എ., എം. സി. എ. കോഴ്സുകൾ ഉള്ള ഏകദേശം നാൽപ്പതോളം സ്ഥാപനങ്ങൾ എന്നിവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അതേ സമയം അവർക്ക് വളരെ കർശനമായ ഗുണനിലവാരം നിഷ്ക്കർഷിക്കുന്നതിൽ ഗവൺമെന്റിന് വിട്ടുവീഴ്ചയുമില്ല.

41. കോളേജ് വിദ്യാഭ്യാസത്തിൽ നിർദ്ദേശിച്ച പ്രവർത്തനങ്ങളുടെ ശ്രേണിയിൽ കോളേജ് കെട്ടിടങ്ങളുടെയും ഹോസ്റ്റലുകളുടെയും നിർമ്മാണം, ലൈബ്രറികളുടെ കമ്പ്യൂട്ടർവൽക്കരണം, ലബോറട്ടറികളുടെ അപ്ഗ്രേഡിംഗ്, ഗവൺമെന്റ് കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കൽ, കൂടുതൽ കോളേജുകൾക്ക് എൻ. എ. എ. സി. യുടെ അക്രഡിറ്റേഷൻ ലഭ്യമാക്കുക എന്നിവ ഉൾപ്പെടുന്നു. കേരളത്തിലെ നൂറ് കോളേജുകളെ ബന്ധിപ്പിക്കുന്ന വിദ്യാഭ്യാസ ഗ്രിഡിന്റെ പ്രഥമഘട്ടം പ്രവർത്തനക്ഷമമാക്കുന്നതാണ്. തിരുവനന്തപുരം ഗവൺമെന്റ് എൻജിനീയറിംഗ് കോളേജിനെ ഒരു സ്വയംഭരണ സ്ഥാപനമായി പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്തിനായി ഒരു ഐ. ഐ. റ്റി. അനുവദിച്ചുകിട്ടുന്നതിന് എല്ലാവിധ ശ്രമങ്ങളും സർക്കാർ നടത്തിക്കൊണ്ടിരിക്കുകയാണ്. പാഠ്യപദ്ധതിയുടെ പരിഷ്ക്കരണം, കൂടുതൽ യോജിച്ച ശൈലിയിൽ വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം, കോളേജുകളിൽ വിദ്യാർത്ഥികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, റിഫ്രഷർ കോഴ്സുകൾ നടത്തുക എന്നിവയാണ് ശ്രദ്ധ പതിപ്പിക്കുന്ന മറ്റു മേഖലകൾ.

42. ഇപ്പോൾ നിയമസഭയുടെ മുൻപാകെയുള്ള 2003-ലെ സർവ്വകലാശാലാ ബിൽ എന്ന നിയമം ഉന്നത വിദ്യാഭ്യാസത്തിലെ സ്വയംഭരണവും ഗുണമേൻമയും വർദ്ധിപ്പിക്കുന്നതിന് രൂപകൽപ്പന ചെയ്തിട്ടുള്ള പ്രധാനമായ വിദ്യാഭ്യാസ പരിഷ്ക്കരണങ്ങൾക്ക് പാതയൊരുക്കുന്നതാണ്. എന്റെ ഗവൺമെന്റ് വ്യവസായം വഴി ഗവേഷണത്തിന് ഫണ്ട് നൽകൽ, വ്യവസായ വിദഗ്ദ്ധരെ അദ്ധ്യാപകരായി ഉപയോഗിക്കൽ, വ്യവസായ സംരംഭക വികസനം എന്നീ മൂന്നു ഘടകങ്ങളോടുകൂടി വ്യവസായ-സർവ്വകലാശാല പരസ്പര പ്രവർത്തനത്തിനായുള്ള ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

43. ഈ വർഷം ഗവൺമെന്റ് ആരോഗ്യ മേഖലയിലെ നേട്ടങ്ങൾ ഏകീകരിക്കുവാനുദ്ദേശിക്കുന്നു. തിരുവനന്തപുരത്തും കോഴിക്കോട്ടും കോട്ടയത്തും ഉള്ള മെഡിക്കൽ കോളേജുകളെ സെന്റേഴ്സ് ഓഫ് എക്സലൻസ് ആയി ഉയർത്തുക, കൂടുതൽ ജില്ലാ ആശുപത്രികളെ ടെലിമെഡിസിൻ വഴി മെഡിക്കൽ കോളേജുകളുമായി ബന്ധിപ്പിക്കുക, 'ഇന്റഗ്രേറ്റഡ് ഡിസീസ് സർവയിലൻസ്' പദ്ധതി, ലോകബാങ്ക് സഹായത്തോടെ പൊതുജനാരോഗ്യ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക, സ്വകാര്യ പങ്കാളിത്തം വഴി പ്രധാന സർക്കാർ ആശുപത്രികളിലെ ജൈവമാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവ പുതിയ പദ്ധതികളിൽ ഉൾപ്പെടുന്നതാണ്. ഒരു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

44. വരും വർഷത്തേക്ക് ആയുർവേദത്തിനു വേണ്ടിയുള്ള പദ്ധതികളിൽ 20 പുതിയ ഗ്രാമീണ ആയുർവേദ ഡിസ്പെൻസറികൾ തുറക്കുക, തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജിനെ ഒരു മാതൃകാ സ്ഥാപനമായി ഉയർത്തുക, ആയുർവേദ ആശയങ്ങൾക്ക് പേറ്റന്റ് ലഭ്യമാക്കുന്നതിനുള്ള ജോലി പൂർത്തീകരിക്കുക എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം സർക്കാർ ഹോമിയോപ്പതിക് മെഡിക്കൽ കോളേജിനെ സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തുന്നതാണ്.

45. എന്റെ ഗവൺമെന്റ് സംസ്ഥാനത്തെ അഗതികളായ എല്ലാ കുടുംബങ്ങൾക്ക്/വ്യക്തികൾക്ക് സാമൂഹ്യ സുരക്ഷാ സംരക്ഷണം എത്തിക്കുന്നതിനുള്ള ബൃഹത്തായ ഒരു പരിപാടിയിൽ വ്യാപൃതമാകുന്നതിന് ഉദ്ദേശിക്കുന്നു. ഈ പദ്ധതി കുടുംബശ്രീയുടെ 'ആശ്രയ' പദ്ധതിയിലെ അനുഭവത്തിൽ നിന്നും രൂപീകരിക്കുന്നതും വിവിധ സർക്കാർ വകുപ്പുകളും സ്വയംസഹായ ഗ്രൂപ്പുകളും തദ്ദേശ നികായങ്ങളും സന്നദ്ധ സംഘടനകളും കൂട്ടായി നടപ്പിലാക്കുന്നതുമാണ്. വരും വർഷത്തിൽ ഗവൺമെന്റിന്റെ കീഴിലുള്ള ആകെ 47 ക്ഷേമ സ്ഥാപനങ്ങൾക്കും മേന്മയേറിയ കെട്ടിടങ്ങൾ നൽകുന്നതിനുള്ള ഒരു പരിപാടി സമാരംഭിക്കുന്നതാണ്. 2005 അവസാനത്തോടെ

കേരളത്തെ 'പോഷകാഹാരക്കുറവ് വിമുക്ത സംസ്ഥാനം' ആക്കാനുള്ള ഉൽക്കർഷേച്ഛയുള്ള ഒരു പോഷകാഹാര പദ്ധതി തയ്യാറാക്കിവരുന്നു.

46. എന്റെ ഗവൺമെന്റ് മുതിർന്ന പൗരൻമാരുടെ സംരക്ഷണത്തിനായി 'സ്നേഹതീരം' എന്ന വിവിധോദ്ദേശ്യ കേന്ദ്രത്തിന്റെ രൂപകല്പന തയ്യാറാക്കികഴിഞ്ഞിട്ടുള്ളതും മലപ്പുറം ജില്ലയിലെ തവനൂരിൽ ആദ്യത്തെ മാതൃകാ സ്ഥാപനം സ്ഥാപിക്കുന്നതുമാണ്. ലോകബാങ്ക് സഹായത്തോടുകൂടിയുള്ള 163 ഐ. സി. ഡി. എസ്. പ്രോജക്ടുകൾ ഒരു വർഷത്തേക്കുകൂടി നീട്ടുന്നതിന് നടപടികൾ സാമൂഹ്യക്ഷേമ വകുപ്പ് സ്വീകരിക്കുന്നതാണ്.

47. സംസ്ഥാനത്ത് സ്പോർട്ട്സിന്റെയും ഗെയിംസിന്റെയും വികസനത്തിന് അനുയോജ്യമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുകയാണ് എന്റെ ഗവൺമെന്റിന്റെ പരിശ്രമം. അടുത്ത വർഷം ഗവൺമെന്റ് കണ്ണൂരിൽ സംസ്ഥാനതല സ്പോർട്ട്സ് കോംപ്ലക്സിന്റെ നിർമ്മാണം, കേന്ദ്രീകൃത പരിശീലന ക്യാമ്പുകൾ സ്ഥാപിക്കുക, പ്രതിഭാശാലികളായ കായികതാരങ്ങൾക്കുവേണ്ടി പരിശീലകരെ വിദേശത്തുനിന്നും കൊണ്ടുവരുക, തൊടുപുഴയിൽ ഒരു പുതിയ സ്റ്റേഡിയസമുച്ചയം നിർമ്മിക്കുക, വടകരയിൽ ഒരു വോളിബോൾ അക്കാഡമിയും ഇടുക്കിയിൽ ഒരു പുതിയ സൈക്കിൾ വെലോഡ്രോമും സ്ഥാപിക്കുക എന്നിവ ഉൾപ്പെടുന്ന ധാരാളം പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നു.

48. എന്റെ ഗവൺമെന്റിന് 'ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി' വഴി 3.7 ലക്ഷം ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിന് 677.43 കോടി രൂപയുടെ കടാശ്വാസം നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഗവൺമെന്റ്, സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി വായ്പ വാങ്ങുന്നതിനുള്ള കുറഞ്ഞ ഓഹരി മൂലധന പങ്കാളിത്തം 5 ശതമാനത്തിൽനിന്നും 1 ശതമാനമായി കുറച്ചിട്ടുള്ളതും വായ്പകളുടെ കൃത്യമായ തിരിച്ചടവിന് 1% റിബേറ്റ് അനുവദിച്ചിട്ടുള്ളതുമാണ്. ഈ മേഖലയിൽ നിർദ്ദേശിച്ചിട്ടുള്ള പുതിയ

ഉദ്യമങ്ങളിൽ സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് ഒരു മെഡിക്കൽ ഇൻഷ്വറൻസ് സ്കീം ആരംഭിക്കുക, പരിയാരം സഹകരണ മെഡിക്കൽ കോളേജിൽ ബിരുദാനന്തര ബിരുദ കോഴ്സ് അനുവദിക്കുക, കൊച്ചിയിലെ സഹകരണ മെഡിക്കൽ കോളേജിനുവേണ്ടി അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കുക എന്നിവ ഉൾപ്പെടുന്നു. 'സഹകരണ വികസന ക്ഷേമ ബോർഡ്' ദുർബല സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്. ജപ്പാനിലെ ഒരു ഇൻഷ്വറൻസ് കമ്പനിയുമായി സഹകരിച്ച്, സഹകരണ ഇൻഷ്വറൻസ് സൊസൈറ്റി 'കോയിൻസ്' ഇൻഷ്വറൻസ് മേഖലയിൽ ഈ വർഷം പ്രവർത്തനമാരംഭിക്കുന്നതാണ്.

49. നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾക്ക് ഭക്ഷ്യസുരക്ഷിതത്വം ഉറപ്പാക്കുന്ന ഒരു അഭിമാനകരമായ പൊതുവിതരണ സമ്പ്രദായം വർഷങ്ങളായി കേരളം കെട്ടിപ്പടുത്തിട്ടുണ്ട്. പൊതുവിതരണ സമ്പ്രദായത്തിന്റെ ഘടനയിലും ലക്ഷ്യത്തിലും വ്യാപനത്തിലും വർഷങ്ങളായി ഉണ്ടായിട്ടുള്ള മാറ്റങ്ങളുടെ വെളിച്ചത്തിൽ അതിന്റെ പ്രശ്നങ്ങളെപ്പറ്റിയുള്ള ഒരു പഠനത്തിന് ഗവൺമെന്റ് തുടക്കം കുറിക്കുന്നതാണ്. എന്റെ ഗവൺമെന്റ് സംസ്ഥാനത്തെ വിപുലമായ ശൃംഖലയെ ശക്തിപ്പെടുത്തുന്നതിനായി, എല്ലാ പ്രധാന ജംഗ്ഷനുകളിലും മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിലും 100 പുതിയ ലാഭം സ്റ്റോറുകളും മാവേലി സ്റ്റോറുകളും ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

50. പ്രവാസി കേരളീയരെ സംബന്ധിച്ച വിവിധ പ്രശ്നങ്ങൾ ഇൻഡ്യാ ഗവൺമെന്റിന്റെ ശ്രദ്ധയിൽ വിജയകരമായി കൊണ്ടുവരുന്നതിന് നോർക്ക വകുപ്പിന് കഴിഞ്ഞിട്ടുണ്ടെന്ന് പ്രഖ്യാപിക്കുന്നതിൽ എന്റെ ഗവൺമെന്റിന് സന്തോഷമുണ്ട്. ഇതിന്റെ ഫലമായി തൊഴിൽ അന്വേഷകർക്ക് മടക്കയാത്രക്കൂലി കെട്ടിവയ്ക്കണമെന്ന അന്യായമായ വ്യവസ്ഥ നീക്കം ചെയ്യുകയുണ്ടായി. തൊഴിൽ അന്വേഷകർക്കായി യോഗ്യതാ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനുവേണ്ടി ഒരു കേന്ദ്രം കേരളത്തിൽ സ്ഥാപിക്കുന്നതിനും കൂടി ഇൻഡ്യാ ഗവൺമെന്റ് സമ്മതിച്ചിട്ടുണ്ട്. വകുപ്പ് ഒരു ബഡ്ജറ്റ്

എയർ ലൈൻ ആരംഭിക്കുന്നതിന് സിവിൽ ഏവിയേഷൻ മന്ത്രാലയവും എയർ ഇൻഡ്യയുമായുള്ള അതിന്റെ ചർച്ചയിൽ ഒരു അനുകൂല ഫലം പ്രതീക്ഷിക്കുന്നു.

51. നിയമസഭയിൽ ഗവൺമെന്റ് കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിന് കൂടുതൽ കാര്യക്ഷമമായ ഒരു പങ്ക് പാർലമെന്ററി കാര്യവകുപ്പ് വഹിച്ചുകൊണ്ടിരിക്കുകയാണ്. അനുബന്ധ സ്ഥാപനങ്ങളുടെ ഒരു ശൃംഖല ഉണ്ടാക്കുന്നതിനും നമ്മുടെ സംസ്ഥാനത്തെ ശ്രേഷ്ഠരായ പ്രതിനിധിസഭാനടപടിവിദഗ്ദ്ധൻമാരുടെ സ്മരണ നിലനിർത്തുന്നതിനായി ഒരു പോട്രയിറ്റ് ഗാലറി സ്ഥാപിക്കുന്നതിനും വകുപ്പ് ഉദ്ദേശിക്കുന്നു. നിയമസഭയിൽ നൽകുന്ന ഉറപ്പ് സംബന്ധിച്ച പുരോഗതി നിരീക്ഷിക്കുന്നതിന് ഗവൺമെന്റിൽ ഒരു 'അഷ്വറൻസ് ഇംപ്ലിമെന്റേഷൻ ഡെസ്ക്' സ്ഥാപിക്കുന്നതാണ്.

52. അറിയാനുള്ള അവകാശം സംബന്ധിച്ച നിയമം അടുത്ത വർഷം സംസ്ഥാനത്ത് നടപ്പാക്കുന്നത് ഭരണനിർവ്വഹണത്തിൽ സുതാര്യത മെച്ചപ്പെടുത്തുന്നതിൽ ഒരു നാഴികക്കല്ല് ആയിരിക്കും. ഇപ്പോൾ സിൽവർ ജൂബിലി വർഷത്തിലുള്ള കേരള പ്രസ് അക്കാദമിയെ ഒരു പത്രപ്രവർത്തന ചരിത്ര മ്യൂസിയവും ഗവേഷണ കേന്ദ്രവും ആരംഭിക്കുന്നതിന് സഹായിക്കുന്നതാണ്.

53. ഭാഷാന്യൂനപക്ഷങ്ങളുടെ താല്പര്യങ്ങളെ ഹനിക്കാതെ തന്നെ അടുത്ത മൂന്നുവർഷത്തിനുള്ളിൽ മലയാളം പൂർണ്ണമായും ഔദ്യോഗിക ഭാഷയാക്കി മാറ്റുന്നതിന് എന്റെ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ഇതിനായി ഔദ്യോഗിക ഭാഷാ വകുപ്പ് ചിട്ടയായ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

54. സംസ്ഥാനത്ത് മുതൽമുടക്കുന്നത് സുഗമമാക്കുന്നതിന് അനുയോജ്യമായ തൊഴിൽബന്ധങ്ങൾ പ്രോൽസാഹിപ്പിക്കുന്നത് എന്റെ ഗവൺമെന്റിന്റെ പ്രതിജ്ഞാബദ്ധമായ ലക്ഷ്യമാണ്. കാലഹരണപ്പെട്ടതും മൃതപ്രായമായതുമായ തൊഴിൽ നിയമങ്ങളും റഗുലേഷനുകളും നവീകരിക്കുന്നതിനായി, ഉന്നതനായ ഒരു തൊഴിൽ വിദഗ്ദ്ധന്റെ അദ്ധ്യക്ഷതയിൽ ഒരു ലേബർ റിഫോംസ് കമ്മീഷൻ സ്ഥാപിക്കുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

എറണാകുളത്തെയും കോഴിക്കോട്ടെയും തിരുവനന്തപുരത്തെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിക്കുന്നതും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്നതിനായി അടിസ്ഥാന വിവരം സ്വകാര്യമേഖലയുമായി പങ്ക് വയ്ക്കുന്നതുമാണ്. വിവരസാങ്കേതിക വിദ്യാ സാക്ഷരതാ കോഴ്സുകളിലൂടെയും ഇംഗ്ലീഷ് സംസാര ഭാഷാ പരിശീലന പരിപാടികളിലൂടെയും വിദേശ കമ്പോളത്തിലെ ജോലികൾക്കാവശ്യമായ വൈദഗ്ദ്ധ്യം നൽകി പരിശീലനം ലഭിക്കുന്നവരെ സജ്ജരാക്കുന്നതിനുംകൂടി വ്യവസായ പരിശീലന വകുപ്പ് ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്.

55. ഇപ്പോഴും ദുരിതത്തിലും വളരെ പ്രയാസത്തിലും കഴിയുന്ന തോട്ടം തൊഴിലാളി വിഭാഗങ്ങൾ ഉണ്ട്. വൈദ്യസഹായം നൽകുന്നതും കാലാകാലങ്ങളിൽ സൗജന്യ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതും ഉൾപ്പെടെയുള്ള നടപടികളുടെ നിര എന്റെ ഗവൺമെന്റ് തുടരുന്നതാണ്. തോട്ടങ്ങളുടെ പുനരുജ്ജീവന നടപടികൾക്കായി യൂണിയൻ ഗവൺമെന്റ് രൂപീകരിച്ച സമിതി ഓരോ തോട്ടം മേഖലയ്ക്കും പ്രത്യേകമായ ശുപാർശകൾ നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന് പ്രയോജനപ്രദമായ ശുപാർശകൾ എത്രയും നേരത്തെ അംഗീകരിച്ചുകിട്ടുന്നതിനുവേണ്ടി ഗവൺമെന്റ് പരിശ്രമിക്കുന്നതാണ്. ക്ഷീണിത തോട്ടം മേഖലകളെ സഹായിക്കുന്നതിനായി അനുയോജ്യമായി പരിഷ്ക്കരിച്ച 'പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ട്' വിനിയോഗിക്കേണ്ടതാണ്.

56. ഭൂമി ഒരു അപര്യാപ്ത ധനാഗമ മാർഗ്ഗമായ കേരളം പോലൊരു സംസ്ഥാനത്ത് റവന്യൂഭരണം മർമ്മ പ്രധാനമാണ്. എന്റെ ഗവൺമെന്റ് റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെ കഴിവ് വളർത്തിയെടുക്കുന്നതിനും സംസ്ഥാനത്ത് 1453 വില്ലേജ് ഓഫീസുകളുടെ നവീകരണത്തിനും മുൻഗണന നൽകുന്നതാണ്. മുൻകാലത്ത് സ്ഥാപനങ്ങൾക്കായി പാട്ടത്തിന് നൽകിയിട്ടുള്ള

ഗവൺമെന്റ് ഭൂമി സംരക്ഷിക്കുന്നത് ഉറപ്പുവരുത്തുന്നതിനായി ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഏറ്റെടുത്ത് ഇതര ഉപയോഗങ്ങൾക്ക് ആയി വിധേയമാക്കുന്നതുവഴി പൊതു ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നത് ഒഴിവാക്കാവുന്നതാണ്. കളക്ടറേറ്റുകളിൽ മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുന്നതിന്റെ ഒരു നടപടിയായി കളക്ടറേറ്റുകൾക്ക് ഒരു അതിവേഗ കമ്പ്യൂട്ടർവൽകൃത ഏക ജാലക പരാതി പരിഹാര സംവിധാനം (ഫാസ്റ്റ് കോം) നടപ്പാക്കുന്നതും അതുമൂലം ഏതൊരു പരാതിക്കാരനും 15 ദിവസത്തിനകം മറുപടി ലഭിക്കുമെന്ന് ഉറപ്പ് നൽകുന്നതുമാണ്. എന്റെ ഗവൺമെന്റ് യുക്തിസഹമായ ഒരു പുതിയ പാട്ട-വാടക നിരക്ക് പട്ടിക, 2004 ഏപ്രിൽ ഒന്നു മുതൽ പ്രാബല്യത്തിൽ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നു. ഘട്ടംഘട്ടമായി എല്ലാ ജില്ലകളിലും സ്വർണ്ണാഭരണങ്ങൾ പരിശോധിക്കുന്നതിനുള്ള ലബോറട്ടറികൾ ലീഗൽ മെട്രോളജി വകുപ്പ് സ്ഥാപിക്കുന്നതാണ്.

57. സംസ്ഥാനത്ത് താങ്ങാവുന്ന വിലയ്ക്കുള്ള പാർപ്പിടങ്ങൾ നൽകുന്നതിൽ ഭവന നിർമ്മാണ ബോർഡ് ഒരു സുപ്രധാന പങ്ക് വഹിക്കുന്നു. എന്റെ ഗവൺമെന്റിന് സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങൾക്ക് വീടുകൾ നിർമ്മിക്കുന്നതിന് ഒരു സുരക്ഷാ പാർപ്പിട പദ്ധതി ഏറ്റെടുക്കുവാൻ പദ്ധതിയുണ്ട്. ലോൺ-കം-സബ്സിഡി പദ്ധതിയിൻകീഴിൽ 38000 പുതിയ യൂണിറ്റുകൾ അടുത്ത വർഷം നിർമ്മിക്കുന്നതാണ്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളുടെ പ്രയോജനത്തിനായി സന്നദ്ധസംഘടനകളുടെ സഹായത്തോടുകൂടി സൗജന്യമായി വീടുകൾ നിർമ്മിക്കുന്നതിനുള്ള മറ്റൊരു ഉദ്യമം—കാരുണ്യ ഹൗസിംഗ് സ്കീം—കൂടി ആരംഭിക്കുന്നതാണ്.

58. സംസ്ഥാനത്തെ നിയമ ഓഫീസുകൾക്കുവേണ്ടി കോടതി കേസ്സുകൾ നിരീക്ഷിക്കുന്നതിനുള്ള വിവരസാങ്കേതികവിദ്യാ പദ്ധതി ആരംഭിക്കുന്നതിന് നിയമ സംവിധാനത്തിന്റെ കഴിവും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതാണ്. നിയമ വകുപ്പ് പോർട്ടലിന്റെയും നിയമ ലൈബ്രറിയുടെ ഓട്ടോമേഷന്റെയും സമാരംഭത്തോടെ നിയമ വകുപ്പ് ഒരു നവീകരണത്തിന്റെയും ഉയർച്ചയുടെയും പ്രവേശന കവാടത്തിലാണ്.

59. എന്റെ ഗവൺമെന്റ് നിലവിലുള്ള നിയമങ്ങൾ നിക്ഷേപ ദായകവും വികസനദായകവും ആക്കുന്നതിനായി അവയെ പരിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നു. നിയമ പരിഷ്ക്കരണ കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെന്റിന്റെ പരിഗണനയിലാണ്. കരട് ബില്ലുകളിൻമേലുള്ള നടപടിയെടുക്കുന്നതിനും അവ നിയമസഭ മുമ്പാകെ വെയ്ക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഗവൺമെന്റിൽ നടന്നുവരുന്നു.

60. കേരളംപോലെ ഉയർന്ന സാക്ഷരതയുള്ള ഒരു സംസ്ഥാനത്ത് ലോക് അദാലത്ത് സംവിധാനത്തിലൂടെയുള്ള ഇതര തർക്ക പരിഹാര സംവിധാനം കോടതികളിൽ കുടിശ്ശിക കുന്നുകൂടുന്നു എന്ന കുഴഞ്ഞ പ്രശ്നത്തിന് ഒരു പ്രായോഗിക പരിഹാരം നൽകുന്നു. ഓരോ ജില്ലയിലും കുറഞ്ഞത് മൂന്ന് ഗ്രാമങ്ങൾ എങ്കിലും 'വ്യവഹാര വിമുക്തമേഖലകൾ/കുറ്റ വിമുക്ത മേഖലകൾ' ആയി പ്രഖ്യാപിക്കുന്നതിലേക്ക് കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസ് അതോറിറ്റി ഉദ്ദേശിക്കുന്നു.

61. എന്റെ ഗവൺമെന്റ് സമഗ്രമായ ഇ-ഗവർണൻസ് പരിഹാരങ്ങൾ മോട്ടോർ വാഹന വകുപ്പ് നൽകുന്ന സേവനങ്ങളെ മൗലികമായി മെച്ചപ്പെടുത്തുമെന്ന് തിരിച്ചറിയുന്നു. ഇൻഡ്യാ ഗവൺമെന്റ് ഈ വഴിക്കുള്ള പ്രയത്നങ്ങൾ അംഗീകരിക്കുകയും കേരള മോട്ടോർ വാഹന വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ടെന്നുള്ളത് വളരെ സംതൃപ്തിയുളവാക്കുന്ന ഒരു സംഗതിയാണ്. വകുപ്പിന്റെ പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിനും ഡ്രൈവിംഗ് ലൈസൻസുകളും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും സ്മാർട്ട് കാർഡുകളിൽ നൽകുന്നതിനും ഉള്ള മറ്റ് രണ്ട് പ്രധാന പദ്ധതികൾ ഈ വർഷം പൂർത്തിയാക്കുന്നതാണ്. മൊബൈൽ റോഡ് സേഫ്റ്റി വാനുകൾ ആരംഭിക്കുന്നതും, ഡ്രൈവർമാർക്ക് റീ ഓറിയന്റേഷൻ ട്രെയിനിംഗ് നൽകുന്നതിന് മലപ്പുറം ജില്ലയിലെ എടപ്പാളിൽ ഡ്രൈവർമാർക്ക് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതും ആണ്.

കേരള റോഡ് സുരക്ഷാ അതോറിറ്റി ഉണ്ടാക്കുന്നതിനും റോഡ് സുരക്ഷാ ഫണ്ട് രൂപീകരിക്കുന്നതിനുംവേണ്ടി ഒരു നിയമനിർമ്മാണം നടത്തുന്നത് ഈ വർഷത്തിലെ പ്രധാന പ്രവർത്തനങ്ങളായിരിക്കുന്നതാണ്. സംസ്ഥാന ജലഗതാഗത വകുപ്പ് ഈ വർഷം ആറ് സ്റ്റീൽ ബോട്ടുകളും അഞ്ച് ഫൈബർ ബോട്ടുകളും കൂടി അതിന്റെ കൂട്ടത്തിലേക്ക് ചേർക്കുന്നതാണ്.

62. കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ (കെ. എസ്. ആർ. ടി. സി.) കൈമുതലായി അതിന്റെ പ്രവർത്തന നഷ്ടം അൻപത് ശതമാനത്തിൽ അധികം കണ്ട് കുറച്ചുകൊണ്ടുവരാൻ സഹായകരമായ പരിഷ്കരണ ഉദ്യമങ്ങളുടെ എടുത്തു പറയത്തക്ക ഒരു നിരതന്നെയുണ്ട്. പഴയവയ്ക്ക് പകരം പുതിയ വാഹനങ്ങൾ കൊണ്ടുവരുക, ലാഭകരമല്ലാത്ത ഷെഡ്യൂളുകൾ കുറയ്ക്കുക, ഉപയോഗിക്കാതെ കിടക്കുന്ന സ്വത്തുക്കൾ ഉപയോഗപ്പെടുത്തുക, മെച്ചപ്പെട്ട നടത്തിപ്പിനുവേണ്ടി ബസ് ഡിപ്പോകളെ ലാഭ കേന്ദ്രങ്ങളാക്കി മാറ്റുക എന്നിവയ്ക്കാണ് കോർപ്പറേഷന്റെ അതിജീവനതന്ത്രത്തിൽ ഊന്നൽ നൽകുന്നത്. കേരള ട്രാൻസ്പോർട്ട് ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ, കെ. എസ്. ആർ. ടി. സി.-ക്ക് വേണ്ടിയുള്ള അതിന്റെ സാമ്പത്തിക സഹായ പ്രവർത്തനങ്ങൾ തുടരുന്നതും അതിന്റെ ലാഭവും പ്രാപ്യതയും വർദ്ധിപ്പിക്കുന്നതിന് കൂടുതലായി വൈവിദ്ധ്യവൽക്കരിക്കുന്നതും ആണ്.

63. നമ്മുടെ സംസ്ഥാനത്തെ ജനങ്ങളുടെ സമ്പാദ്യക്ഷമത നേടിയെടുക്കുന്നതിന് ഗവൺമെന്റ് നടപ്പിലാക്കിയ ഭാവനാപൂർണ്ണമായ പദ്ധതികളിലൂടെ ദേശീയ സമ്പാദ്യ സമാഹരണത്തിൽ സ്ഥായിയായ ഒരു വളർച്ച ഉണ്ട് എന്നുള്ളതിൽ എന്റെ ഗവൺമെന്റിന് സന്തോഷമുണ്ട്. വരും വർഷത്തിൽ തദ്ദേശ നികായങ്ങളുടെയും സർക്കാരിതര സംഘടനകളുടെയും സഹായത്തോടെ സംസ്ഥാനമാകെ 'ബചത്ത്' (നൂറ് ശതമാനം സമ്പാദ്യ അധിഷ്ഠിതമായത്) ആക്കുന്നതിന് വേണ്ടിയുള്ള ഒരു പരിപൂർണ്ണ പ്രചരണ പരിപാടി നടപ്പിലാക്കുന്നതാണ്.

64. ഓൺലൈൻ ട്രഷറി ഇടപാടുകൾക്കുള്ള സൗകര്യത്തോടു കൂടി ട്രഷറി വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണം അടുത്ത സാമ്പത്തിക വർഷം ആദ്യം തന്നെ പൂർത്തിയാക്കുന്നതാണ്. ഇൻഡ്യയിലെ ശാസ്ത്രസാങ്കേതിക പാർക്കിന്റെ സാങ്കേതിക സഹായത്തോടെ യഥാസമയങ്ങളിൽ വിവരങ്ങൾ ലഭിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ ട്രഷറികളെയും ബന്ധിപ്പിച്ചുകൊണ്ട് ശൃംഖലയാക്കുന്നതാണ്—ഇത് സംസ്ഥാനത്തെ ധനകാര്യ മാനേജ്മെന്റിൽ ഒരു പുതിയ അദ്ധ്യായം തുടങ്ങുന്നതിനുള്ള ഒരു ചുവടുവെയ്പ്പ് ആയിരിക്കും.

65. എന്റെ ഗവൺമെന്റ് സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണ പരിപാടിയിൻകീഴിൽ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളുടെയും ജില്ലാ രജിസ്ട്രാർ ഓഫീസുകളുടെയും കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. 103 ഓഫീസുകളിലെ ജോലി പൂർത്തിയായിവരുന്നു.

66. എക്സൈസ് നയം കാര്യക്ഷമമായി നടപ്പിലാക്കുന്നതു വഴി മദ്യ നിരോധനം എന്ന ലക്ഷ്യത്തിലേക്ക് പടിപടിയായി എത്തിച്ചേരുവാൻ കഴിയുമെന്ന് എന്റെ ഗവൺമെന്റ് വിശ്വസിക്കുന്നു. കുറ്റം കണ്ടുപിടിക്കുന്നതിനുള്ള നൂതന സാങ്കേതിക ഉപകരണങ്ങൾ വാങ്ങുക, ഒരു എക്സൈസ് ട്രെയിനിംഗ് അക്കാഡമിയും ഗവേഷണ കേന്ദ്രവും സ്ഥാപിക്കുക, എക്സൈസ് ആസ്ഥാന കെട്ടിടം പൂർത്തീകരിക്കുക എന്നിവ ഉൾപ്പെടെ എക്സൈസ് വകുപ്പിന്റെ നവീകരണത്തിനാണ് ഈ വർഷം ഊന്നൽ കൊടുക്കുന്നത്.

67. സംസ്ഥാനത്തെ നികുതിയേതര വരുമാനത്തിൽ ലോട്ടറി വകുപ്പ് വളരെയേറെ സംഭാവന നൽകുന്നുണ്ട്. നൂതന രീതിയിലുള്ള ലോട്ടറികളുടെ ശ്രേണിയിലൂടെ വരുമാനം വീണ്ടും വർദ്ധിപ്പിക്കുന്നതിനാണ് അടുത്ത വർഷം ഊന്നൽ നൽകുന്നത്. എല്ലാ ജീവനക്കാർക്കും മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും

ഇൻഷുറൻസ് പദ്ധതികളും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനങ്ങൾക്ക് ആരോഗ്യ ഇൻഷുറൻസും വ്യാപിപ്പിക്കുന്നതും സംസ്ഥാന ഇൻഷുറൻസ് വകുപ്പ് നിർദ്ദേശിക്കുന്ന വാണിജ്യ വികസനത്തിൽ ഉൾപ്പെടുന്നു.

[illegible]. വിൽപ്പന നികുതി പിരിവ് സർക്കാർ വരുമാനത്തിന്റെ മുഖ്യ ആധാരമായി തുടർന്നുവരുന്നു. എന്റെ ഗവൺമെന്റിന് വാണിജ്യ നികുതി വകുപ്പിന്റെ പ്രവർത്തനം ഗണ്യമായി മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്—ഇത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി വീണ്ടെടുക്കുന്നതിൽ വളരെയേറെ സഹായിച്ച ഒരു ഘടകമാണ്. പൊട്ടൻഷ്യൽ അസസ്സ്മെന്റ് വേഗത്തിൽ തീർപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുക, കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടി ഊർജ്ജിതമാക്കുക, ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കർക്കശമാക്കുക, രഹസ്യാന്വേഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക എന്നിവ ഉൾപ്പെടെ നടപടികളുടെ ഒരു നിരയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. അടുത്ത വർഷം ആലപ്പുഴയിലും പാലക്കാട്ടും കാസർഗോഡും പുതിയ മൊബൈൽ സ്ക്വാഡുകളും, വയനാട്, കാസർഗോഡ് ജില്ലകളിൽ പുതിയ ചെക്ക്പോസ്റ്റുകളും, എല്ലാ ജില്ലകളിലും പുതിയ 'കൊമേഴ്സ്യൽ ഇൻവെസ്റ്റിഗേഷൻ വിംഗുകളും' രൂപീകരിക്കുന്നതിനും പദ്ധതിയിട്ടിട്ടുണ്ട്.

[illegible]. കാര്യക്ഷമമായ ഭരണം മുകൾത്തട്ടിൽ നിന്നും ആരംഭിക്കേണ്ടതാണ്. നമ്മുടെ ചുറ്റും അതിവേഗം ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളുമായി ഇണങ്ങിച്ചേരുന്നതിനും അവ ഉൾക്കൊള്ളുന്നതിനുമായി നമ്മുടെ ഭരണ സംവിധാനത്തെ നവീകരിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് സെക്രട്ടേറിയറ്റ് നവീകരണം. ഈ നടപടി സർക്കാർ പദ്ധതികൾ വേഗത്തിലും, കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് പ്രചോദനമാകുന്ന ഒരു രാസത്വരകമായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെൽ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്.

70. നമ്മുടെ ജീവനക്കാർ സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട സമ്പത്താണ്. കടുത്ത സാമ്പത്തിക ഞെരുക്കമായിരുന്നിട്ടും കഴിഞ്ഞ ഒൻപത് മാസത്തിനുള്ളിൽ നമ്മുടെ ജീവനക്കാർക്ക് ഗവൺമെന്റ് നാല് ഗഡു ക്ഷാമബത്ത നൽകിയിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധിയുടെ അനന്തര ഫലമായി ഏർപ്പെടുത്തിയിരുന്ന പബ്ലിക് സർവ്വീസിലേക്കുള്ള നിയമന നിയന്ത്രണങ്ങൾ നീക്കം ചെയ്യുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പുനർവിന്യാസ പ്രക്രിയ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

71. എന്റെ ഗവൺമെന്റ് നമ്മുടെ ജീവനക്കാർക്കുവേണ്ടിയുള്ള പരിശീലന നയം അംഗീകരിച്ചിട്ടുണ്ട്—അത് ഓരോ ജീവനക്കാരന്റെയും പരിശീലനം ലഭിക്കാനുള്ള അവകാശവും, അവർക്ക് പരിശീലനം നൽകുന്നതിനുള്ള സർക്കാരിന്റെ കടമയും ഉറപ്പാക്കുന്നതാണ്. വാർഷിക പദ്ധതിയുടെ 0.5 ശതമാനം 2006-2007-ൽ ഒരു ശതമാനം ആയി ഉയർത്തുന്നതും ഇതിലേക്കായി നീക്കിവയ്ക്കുന്നതുമായിരിക്കും. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിനെ പരിശീലനം നൽകുന്നതിനുള്ള അപ്പെക്സ് സ്ഥാപനമായി നിയോഗിക്കുന്നതാണ്.

72. എന്റെ ഗവൺമെന്റ് ക്രമസമാധാന പാലനത്തിന് ഏറ്റവും ഉയർന്ന മുൻഗണന നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ ഒരു ഭാഗത്തും കാര്യമായ വർഗീയ പ്രശ്നങ്ങളോ രാഷ്ട്രീയ സംഘട്ടനങ്ങളോ ഇല്ലാതെ, അവ വ്യക്തമായി കുറയുന്ന പ്രവണത കാണിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള ക്രമസമാധാനനില തൃപ്തികരമായി തുടരുന്നു.

73. പോലീസ് സേനയുടെ നവീകരണം നല്ലരീതിയിൽ പുരോഗമിച്ചുവരുന്നതും പോലീസ് വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണം അടുത്ത വർഷത്തോടെ പൂർത്തിയാക്കുന്നതുമാണ്. എന്റെ ഗവൺമെന്റ് പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം പത്തു ശതമാനമായി വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1163 പുതിയ തസ്തികകളിലേക്ക് തെരഞ്ഞെടുത്ത വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ പരിശീലനം ആരംഭിച്ചിട്ടുണ്ട്.

74. പോലീസിന് നീതിയുക്തവും നിക്ഷ്പക്ഷവും ആയ കൃത്യനിർവ്വഹണത്തിനായി പ്രവർത്തന സ്വാതന്ത്ര്യം ആവശ്യമാണെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ അവർ സർക്കാരിനോടും പൊതുജനങ്ങളോടും പൂർണ്ണമായും ഉത്തരവാദിത്വമുള്ളവരായിരിക്കേണ്ടതാണ്. എന്റെ ഗവൺമെന്റ്, പോലീസ് സേനയുടെ പ്രവർത്തന രീതിയും ഉത്തരവാദിത്വവും ഉയർത്തുന്നതിനുവേണ്ട ശുപാർശകൾ നൽകുന്നതിനായി റിട്ടയേർഡ് സുപ്രീം കോടതി ജഡ്ജി ശ്രീ. കെ. റ്റി. തോമസ് അദ്ധ്യക്ഷനായി ഒരു 'പോലീസ് പെർഫോർമൻസ് ആന്റ് അക്കൗണ്ടബിലിറ്റി കമ്മീഷൻ' രൂപീകരിച്ചിട്ടുണ്ട്. ജയിലിലെ പരോൾ വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതു സംബന്ധിച്ച്, റിട്ടയേർഡ് സുപ്രീംകോടതി ജഡ്ജി ശ്രീ. വി. ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായുള്ള ഉന്നതാധികാര കമ്മീഷന്റെ ശുപാർശകൾ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്.

75. ഹർത്താലുകളിലും സമരങ്ങളിലും പൊതു മുതൽ നശിപ്പിക്കുന്നതു തടയുന്നതിനുള്ള പൊതുജന ഉത്തരവാദിത്വം വർദ്ധിപ്പിക്കുന്നതിനായി, അടുത്തകാലത്ത് ഉണ്ടായിട്ടുള്ള കോടതി വിധികളുടെ ചുവട് പിടിച്ച് ഉത്തരവാദികളായവരിൽ നിന്നും നഷ്ടം ഈടാക്കുന്നതിനായി ഒരു സുസ്ഥാപിത വ്യവസ്ഥ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ സാമൂഹ്യവിരുദ്ധ ശക്തികളുടെ ഭീഷണിക്ക് കടിഞ്ഞാണിടുന്നതിനായി എന്റെ ഗവൺമെന്റ് ഈ വർഷം നിയമനിർമ്മാണം കൊണ്ടുവരുന്നതാണ്. കേരള ഫയർ ആന്റ് റസ്ക്യൂ സർവ്വീസുകൾ കൂടി വേഗത്തിൽ നവീകരിക്കുന്നതാണ്.

76. സാമൂഹ്യ മണ്ഡലത്തിൽ മുൻകാലങ്ങളിൽ നാം കൊയ്ത മഹത്തായ നേട്ടങ്ങളുടെ കീർത്തിയിൽ ഇനിയും വിശ്രമിച്ച് നിശ്ചേഷ്ടരാവാൻ നമുക്ക് കഴിയില്ലായെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഈ മഹനീയ സഭയിൽ ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കട്ടെ. അവയ്ക്കുമേൽ നമുക്ക് കെട്ടിപ്പടുക്കേണ്ടതുണ്ട്. പുരോഗതിക്കായുള്ള മത്സരയോട്ടത്തിൽ നമ്മൾ പിൻതള്ളപ്പെടാതിരിക്കണമെങ്കിൽ വികസനത്തിന്റെ എല്ലാ മേഖലകളിലും ഒരുപോലെ മുന്നേറേണ്ടതായിട്ടുണ്ട്. നമ്മുടെ കഴിഞ്ഞകാല സിദ്ധാന്തങ്ങൾ ഭാവിയിലെ വെല്ലുവിളികൾ നേരിടുന്നതിന് പര്യാപ്തമല്ലായിരിക്കാം. ഇന്നു നാം സ്വപ്നം

കാണുന്ന പുരോഗതിക്ക് സമൂലമാറ്റം ആവശ്യമാണ്. ആ മാറ്റത്തിന് അത്യന്താപേക്ഷിതമായിട്ടുള്ളതെന്തെന്നാൽ അതിനുവേണ്ടിയുള്ള പ്രവർത്തനമാണ്. മാർട്ടിൻ ലൂഥർകിംഗ് ഒരിക്കൽ പറഞ്ഞത് ഞാൻ ഇവിടെ ഉദ്ധരിക്കട്ടെ :

> "മാറ്റം അനിവാര്യതയിലൂടെ സ്വയം വന്നുചേരുന്നതല്ല,
> എന്നാൽ നിരന്തരമായ പോരാട്ടത്തിലൂടെ സംഭവിക്കുന്നതാണ്."

നമുക്ക് ഒന്നുചേർന്ന് ഈ യത്നത്തിന് തയ്യാറാകാം. പൂർത്തിയാകാത്തതും വെല്ലുവിളികൾ ഉയർത്തുന്നതുമായ നമ്മുടെ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളിൽ സ്വയം പുനരർപ്പിക്കാൻ നമുക്കിതാ സമയമായിരിക്കുന്നു.

ഈ സഭയിലെ ചർച്ചകൾക്ക് ഞാൻ എല്ലാ വിജയങ്ങളും ആശംസിക്കുന്നു.

ജയ് ഹിന്ദ്

ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം, 2004.